# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊട്ടാരക്കര മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**

**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM ML/469/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/03/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊട്ടാരക്കര മുനിസിപ്പാലിറ്റി

സർ,

**വിഷയം : കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ
2.റീജിയണൽ ജോയിന്റ് ഡയറക്ടർ
3.നഗരകാര്യ ഡയറക്ടർ
4.ഓഫീസ് പകർപ്പ്

നമ്പർ: KSA KLM ML/469/24 തീയ്യതി: 20/03/2024

# കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-02-2023 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2024 | 20-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രദീപ് കുമാർ.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി.സിജാറാണി.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ.അനീഷ്.വി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സുനിൽകുമാർ.യു.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീകുമാർ.എസ്, ഓഡിറ്റർ

ശ്രീമതി.രാജശ്രീ സി. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ ഷാജു | ചെയർമാൻ | 01-04-2022 | 02-01-2023 |
| ശ്രീ. എസ് ആർ രമേശ് | ചെയർമാൻ | 21-01-2023 | 31-03-2023 |
| ശ്രീ. പ്രദീപ് കുമാർ റ്റി. വി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സുനിൽ കുമാർ കെ. ആർ. | സൂപ്രണ്ടന്റ്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രഭ ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 22-01-2023 |
| ശ്രീമതി എൽസമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-01-2023 | 31-03-2023 |
| ശ്രീ.അൻസർ പി. എ. | ഐ.ഇ.ഒ. | 01-04-2022 | 12-10-2022 |
| ശ്രീമതി അമൃത എസ്. | ഐ.ഇ.ഒ. | 13-10-2022 | 31-03-2023 |
| ഡോ. ദീപ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 16-01-2023 |
| ഡോ. രേഷ്മ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-01-2023 | 31-03-2023 |
| ഡോ. അനിൽകുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-05-2022 |
| ഡോ. ബിന്ദു | വെറ്ററിനറി സർജൻ | 01-06-2022 | 31-03-2023 |
| ഡോ.സുനിത ശിവദാസൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നെടുമൺകാവ് | 01-04-2022 | 31-03-2023 |
| ശ്രീ. സാം ജോഷ്വാ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 25-09-2022 |
| ശ്രീമതി രശ്മി | അസിസ്റ്റന്റ് എഞ്ചിനിയർ | 26-09-2022 | 31-03-2023 |
| ശ്രീ.പ്രതീപ് ആർ | പ്രിൻസിപ്പാൾ, ഗവ. ബോയസ് എച്ച്.എസ്.എസ്. കൊട്ടാരക്കര | 01-04-2022 | 31-03-2023 |
| ഡോ. വൈ. എം. ഷീജ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ഗീത പി. | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി ജൂബി ജോർജ്ജ് | അക്രഡിറ്റഡ് ഓവർസിയർ, (AUGS) | 01-04-2022 | 31-03-2023 |
| ശ്രീ. പുഷ്പരാജൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുജി എസ്. | ജൂനിയർ ഹെൽത്ത് സൂപ്പർവൈസർ, നഗരദാരിദ്ര്യ ലഘൂകരണം (അഡീഷണൽ ചാർജ്) | 01-04-2022 | 05-06-2022 |
| ശ്രീ. പ്രദീപ് എസ്. | ഹെൽത്ത് സൂപ്പർവൈസർ, നഗരദാരിദ്ര്യ ലഘൂകരണം | 06-06-2022 | 31-08-2022 |
| ശ്രീ. അജിത് വി. പി. | ഹെൽത്ത് സൂപ്പർവൈസർ, നഗരദാരിദ്ര്യ ലഘൂകരണം | 12-09-2022 | 03-02-2023 |

| | | | |
|---|---|---|---|
| ശ്രീ. കിരൺ എസ്. | ഹെൽത്ത് സൂപ്പർവൈസർ, നഗരദാരിദ്ര്യ ലഘൂകരണം | 04-02-2023 | 31-03-2023 |
| ശ്രീമതി തസ്നിമ ബീഗം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 24-01-2023 |
| ശ്രീ. അസ്ലാം എ. ആർ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 25-01-2023 | 31-03-2023 |
| ശ്രീ. ബേബി എസ് | ഹെൽത്ത് സൂപ്പർവൈസർ, ക്ലീൻ സിറ്റി മാനേജർ | 09-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | നഗരസഭയുടെ ‘Secured Loan’ | 1-1-1 |
| 3 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-02 |
| 4 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-03 |
| 5 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-04 |
| 6 | സ്റ്റോക്കിന്റെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-05 |
| 7 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നികുതി-നികുതിയേതര വരവുകൾ ഡി.സി.ബി രജിസ്റ്ററുകൾ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-06 |
| 8 | വികസനഫണ്ട്-ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, സുലേഖ ചെലവ് പത്രിക,വാർഷിക ധനകാര്യ പത്രിക,എ.സി.ആർ. തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-07 |
| 9 | ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചപ്പോൾ ബാധ്യത രേഖപ്പെടുത്തിയില്ല | 1-1-08 |
| 10 | കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ വിനിമയം പ്രത്യേക ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-09 |
| 11 | ചെലവഴിക്കാൻ അവശേഷിച്ചിരിക്കുന്ന ബാധ്യത തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വിനിയോഗിക്കപ്പെട്ട ഗുണഭോക്തൃവിഹിതം ലയബിലിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-11 |
| 13 | സി.എഫ്.സി അൺറ്റൈഡ് വരവ് കൂടുതലായി ഉൾപ്പെടുത്തി | 1-1-12 |
| 14 | ശമ്പളം, വേതനം മുതലായ അക്രൂവൽ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ ബാധ്യത രേഖപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ഹഡ്കോ ലോൺ ബാധ്യത കുറവായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-14 |
| 16 | നിക്ഷേപിച്ച ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല | 1-1-15 |
| 17 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-16 |
| 18 | മുൻകൂറുകൾ ക്രമീകരിച്ചില്ല | 1-1-17 |
| 19 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടില്ല. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾ | 1-7 |
| 26 | ക്യാഷ് പരിശോധന | 1-8 |
| 27 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | രസീത് പിരിവിലെ അപാകതകൾ | 1-11 |
| 30 | 25980/- രൂപയുടെ ഡിഡികൾ നാളിതുവരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ | 1-12 |
| 31 | ഫ്രണ്ട് ഓഫീസിൽ സ്വൈപ്പിംഗ് മെഷീൻ മുഖേന വരവുവന്ന തുകകൾ പൂർണ്ണമായും | 1-13 |

| | | |
|---|---|---|
| | അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല | |
| 32 | തൊഴിൽ നികുതി -അപാകതകൾ | 1-14 |
| 33 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-15 |
| 34 | വസ്തു നികുതി കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ളത് ഭീമമായ തുക | 1-16 |
| 35 | വസ്തു നികുതി വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-17 |
| 36 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല - 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 37 | മാലിന്യ സംസ്കരണം - ബക്കറ്റ് ബിൻ വിതരണവിവരം ഹാജരാക്കിയില്ല. | 1-19 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ലാപ്പ്ടോപ്പ് അനുവദിച്ചു. | 1-20 |
| 39 | കൊട്ടാരക്കര നഗരസഭയുടെ NULM അക്കൗണ്ടിൽ നിന്നും NULM CDS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിൽ 28,596/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-21 |
| 40 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - 35,040/-രൂപയുടെ എ-4 പ്രിന്റർ ലഭിച്ചില്ല. | 1-22 |
| 41 | 110 വാട്ട്സ് LED ലൈറ്റുകളുടെ വിനിയോഗ രേഖകളില്ല: 4,98,859/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-23 |
| 42 | ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിങ് - ചെലവിനെ സാധൂകരിക്കുന്ന രേഖകളും, ലൈറ്റുകളുടെ വിനിയോഗ രേഖകളും ഫയലിൽ സൂക്ഷിച്ചില്ല: 7,27,932/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-24 |
| 43 | കൊട്ടാരക്കര തമ്പുരാൻ വീര കേരള വർമ്മയുടേയും കൊട്ടാരക്കര ശ്രീധരൻ നായരുടേയും പ്രതിമകൾ സ്ഥാപിക്കൽ.- പദ്ധതി പൂർത്തീകരണം സാധ്യമായില്ല. 2,25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-25 |
| 44 | മരാമത്ത് പ്രവൃത്തി-ബിൽതുക കണക്കാക്കിയതിൽ അപാകത: 3693/-രൂപയുടെ അധിക ചെലവ് | 1-26 |
| 45 | മരാമത്ത് പ്രവൃത്തി-ടെന്റർ നടപടികളിലെ അപാകതകൾ മൂലം അധിക ചെലവ് | 1-27 |
| 46 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-28 |
| 47 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം,തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-29 |
| 48 | വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിനിയോഗ ബാക്കി സർക്കാരിലേയ്ക്ക് തിരിച്ചടച്ചില്ല | 1-30 |
| 49 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നിർവഹണത്തിൽ അപാകത | 1-31 |
| 50 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണ വിവരം, ക്യാഷ് ബിൽ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല - 7,500/- രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 51 | മുൻകുറുകൾ നാളിതുവരെ ക്രമീകരികരിച്ചില്ല | 1-33 |
| 52 | നഗരസഭാ ഓഫീസിലേക്ക് ശുചീകരണ സാമഗ്രികൾ വാങ്ങൽ-ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-34 |
| 53 | ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല - 3,67,071/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 54 | ഭരണഘടനാ സാക്ഷരത പദ്ധതി - പദ്ധതി അടങ്കലും സർക്കാർ നിർദ്ദേശവും പാലിക്കാതെ തുക ചെലവഴിച്ചു. | 1-36 |
| 55 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖ ഹാജരാക്കിയിട്ടില്ല. | 1-37 |
| 56 | വിനിയോഗ വിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-38 |
| 57 | പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതി - സുലേഖ പത്രികയിലെ ചെലവ് പൂർണ്ണമല്ല | 1-39 |
| 58 | തനത് വിഭവ സമാഹരണം-അവലോകനം | 1-40 |
| ഭാഗം **2** | | |

| | | |
|---|---|---|
| 1 | 25,980/- രൂപയുടെ ഡിഡികൾ നാളിതുവരെ ബാങ്കിൽ സമർപ്പിച്ചില്ല - മേൽനോട്ടത്തിലെ പിഴവ് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 2-1 |
| ഭാഗം **3** | | |
| 1 | ടെന്റർ നടപടികളിലെ അപാകത: 13,229/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-1 |
| 2 | മരാമത്ത് പ്രവൃത്തി-ബിൽതുക കണക്കാക്കിയതിൽ അപാകത: 3,693/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-2 |
| 3 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ലാപ്പ്ടോപ്പ് അനുവദിച്ചു. | 3-3 |
| 4 | കൊട്ടാരക്കര തമ്പുരാൻ വീര കേരള വർമ്മയുടേയും കൊട്ടാരക്കര ശ്രീധരൻ നായരുടേയും പ്രതിമകൾ സ്ഥാപിക്കൽ.- പദ്ധതി പൂർത്തീകരണം സാധ്യമായില്ല. 2,25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-4 |
| 5 | മുൻകൂറുകൾ നാളിതുവരെ ക്രമീകരികരിച്ചിട്ടില്ല. | 3-5 |
| 6 | ഭരണഘടനാ സാക്ഷരത പദ്ധതി - പദ്ധതി അടങ്കലും സർക്കാർ നിർദ്ദേശവും പാലിക്കാതെ തുക ചെലവഴിച്ചു. | 3-6 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26-07-2023 തീയതിയിലെ 10-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 29-07-2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 നഗരസഭയുടെ 'Secured Loan'

നഗരസഭയ്ക്ക് 'Secured Loan' ബധ്യത ഉണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ അസറ്റ് സൈഡിൽ 'Prepaid Expenditure' '0' ആയിട്ടാണ് ബുക്ക് ചെയ്തിരിക്കുന്നത്.

**1-1-02 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-03 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.**

തൻവർഷം കെ.എസ്.ഇ.ബി, വാട്ടർ അതോറിട്ടി എന്നീ ഏജൻസികളിൽ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം നിക്ഷേപിച്ച തുകയുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1. പ്രോജക്ട് നം -134/23-പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- 934300/-രൂപ.

2. പ്രോജക്ട് നം -109/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വയ്ക്കലും ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കലും-2190294/-രൂപ.

**1-1-04 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.**

വിവിധ അക്കൌണ്ടുകളിൽ ഉൾപ്പെട്ട ഇഷ്യൂ ചെയ്ത് മൂന്ന മാസത്തിലധികമായ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.

**1-1-05 സ്റ്റോക്കിന്റെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.**

B-14 പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റോക്ക്-ഇൻ-ഹാൻഡ് 844263/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

**1-1-06 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നികുതി-നികുതിയേതര വരവുകൾ ഡി.സി.ബി രജിസ്റ്ററുകൾ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നികുതി-നികുതിയേതര വരവിനങ്ങൾ ഡിമാന്റ് കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-07 വികസനഫണ്ട്-ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, സുലേഖ ചെലവ് പത്രിക,വാർഷിക ധനകാര്യ പത്രിക,എ.സി.ആർ. തമ്മിൽ പൊരുത്തപ്പെടുന്നില്ല**

| ഫണ്ടിനം | ACR പ്രകാരം (₹) | AFS പ്രകാരം (₹) | സുലേഖ ചെലവ് പത്രിക പ്രകാരം (₹) |
|---|---|---|---|
| വികസനഫണ്ട്-ജനറൽ (സ്രോതസ്സിൽ നിന്നും നേരിട്ട് കുറവ് വരുത്തിയ തുക ഉൾപ്പെടാതെ ചെലവ്) | 19521871/- | 18857871/- | 18857871/- |
| മെയി. ഗ്രാന്റ്-നോൺറോഡ് | 4106240/- | 4106240/- | 3952850/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – റ്റൈഡ് | 13421417/- | 13226417/- | 13226417/- |

**1-1-08 ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചപ്പോൾ ബാധ്യത രേഖപ്പെടുത്തിയില്ല**

2017-18 സാമ്പത്തിക വർഷത്തിൽ പ്രോജകട് നം 77/18, കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിരുന്ന 10 ലക്ഷം രൂപയിൽ പദ്ധതി നടപ്പിലാക്കാതിരുന്നതു മൂലം 2022-23 ൽ തിരികെ ലഭിച്ച 931111/-രൂപ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റിൽ

ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല. RP 33 പത്രിക പ്രകാരം വരവായി ഉൾപ്പെടുത്തി.

**1-1-09 കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ വിനിമയം പ്രത്യേക ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല**

കേന്ദ്രവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ വരവ്-ചെലവ് വിശദാംശങ്ങൾ പ്രത്യേക ഹെഡ് തിരിച്ച് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല. 320100100 എന്ന മെയിൻ ഹെഡിലാണ് NULM, SBM, PMAY, NUTRITION എന്നീ വരവുകളും അവയുടെ വിനിയോഗ ബാക്കിയും ഉൾപ്പെടുത്തിയിരിക്കുന്നത്.ഒരോ ഇനത്തിന്റെയും മുൻബാക്കി നീക്കിബാക്കി വിവരം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-10 ചെലവഴിക്കാൻ അവശേഷിച്ചിരിക്കുന്ന ബാധ്യത തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റ് - B2-Earmarked Fund പത്രികയിൽ 311100100 എന്ന ശീർഷകത്തിൽ Poverty Alleviation Fund 608760/-രൂപയാണ് ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും AUEGS നീക്കിബാക്കിയായി 450420300 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 608766/-രൂപയാണ്.

**1-1-11 വിനിയോഗിക്കപ്പെട്ട ഗുണഭോക്തൃവിഹിതം ലയബിലിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്നു.**

ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ നേരിട്ട് ഒടുക്കി ചെലവഴിച്ചയിനത്തിൽ തൻവർഷത്തെ ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം 576334/-രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 947526/-രൂപയാണ്.

**1-1-12 സി.എഫ്.സി അൺറ്റൈഡ് വരവ് കൂടുതലായി ഉൾപ്പെടുത്തി**

സി.എഫ്.സി- അൺറ്റൈഡ് വരവ് – തൻവർഷത്തെ വരവായ 46015004/-രൂപയും ബാങ്ക് പലിശയുമൾപ്പെടെ ആകെ 4893901/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ RP-24 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 5070315/-രൂപയാണ്.

**1-1-13 ശമ്പളം, വേതനം മുതലായ അക്രൂവൽ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ ബാധ്യത രേഖപ്പെടുത്തിയിട്ടില്ല**

31-03-2023 പ്രാബല്യത്തിൽ അക്രൂവൽ ആയി ഉൾപ്പെടുത്തേണ്ട ചെലവുകളായ ശമ്പളം,വേതനം തുടങ്ങിയവ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയില്ല.

**1-1-14 ഹഡ്കോ ലോൺ ബാധ്യത കുറവായി അക്കൗണ്ട് ചെയ്തിരിക്കുന്നു**

ഹഡ്കോയിൽ നിന്നും തൻ വർഷം ലഭിച്ച ലോൺ തുകയിൽ 2,20,00,000/- രൂപ 330500202 എന്ന ശീർഷകത്തിൽ വരവായി ഉൾപ്പെടുത്താതെ 320100100 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയത് മൂലം ബാലൻസ് ഷീറ്റിൽ ലോണിന്റെ ബാധ്യത കുറവായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

**1-1-15 നിക്ഷേപിച്ച ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല**

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.23 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ മുൻവർഷം മുതലുള്ള ചെക്കുകൾ ക്രെഡിറ്റ് ആയിട്ടില്ലായെന്ന് കാണിച്ചിട്ടുണ്ട്. ചുവടെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്കിന്റെ നീക്കിബാക്കി പൊരുത്തപ്പെടുത്തൽ 30/09/23 വരെ നടത്തിയിട്ടുണ്ട്. മറ്റ് ബാങ്ക് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ 31/03/23 ന് ശേഷം നടത്തിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | Cheque Deposited Not Collected ₹ |
|---|---|
| SIB Online 51021 | 485372/- |

| | |
|---|---|
| District Co-operative Bank Own Fund (30.09.2023 ലെ പൊരുത്തപ്പെടുത്തൽ പത്രിക) | 1364947/- |
| South Indian Bank Profession Tax | 150314/- |
| Canara Bank POS Machine | 236941/- |

**1-1-16 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സി.എഫ്.സി റൈറ്റഡ് & അൺറൈറ്റഡ് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരം ജേണൽ ചെയ്തിരിക്കുന്ന ചെലവ് തുകകൾ സാംഖ്യാ എ.സി.ആർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബാങ്ക് ബുക്ക് പ്രകാരം ജേണൽ ചെയ്തിരിക്കുന്ന ചെലവ് തുക (₹) | സാംഖ്യാ എ.സി.ആർ. പ്രകാരം ചെലവ് (₹) | അഭിപ്രായം |
|---|---|---|---|
| സി.എഫ്.സി-റൈറ്റഡ് (ബാങ്ക്) | 11262824/- | 13226417/- | സാംഖ്യ എ.സി.ആർ പ്രകാരമുള്ള പ്രോജക്ട് നം 131 ന്റെ ചെലവ് 195000/- തൻവർഷം വന്നിട്ടില്ല |
| സി.എഫ്.സി-അൺറൈറ്റഡ് (ബാങ്ക്) | 8532321/- | 6488261/- | ട്രഷറിയിൽ നിന്നുള്ള ചെലവ് കിഴിച്ചുള്ള തുക |

**1-1-17 മുൻകൂറുകൾ ക്രമീകരിച്ചില്ല**

ബാലൻസ് ഷീറ്റ് B-18 പത്രികയിൽ ചുവടെ സൂചിപ്പിക്കുന്ന ശീർഷകങ്ങളിൽ ഉൾപ്പെട്ട മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

1) 460509904 – Other Advances-Scheme Expenditure- ₹90000/-

2) 460509909 – Advances To Others – ₹5500000/-

3) 460600300 – Water Deposits – ₹2016830/-

**1-1-18 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടില്ല.**

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

**1-2 ബജറ്റ്**

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 31-03-22 -ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 10-03-2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 6,13,68,219/- രൂപ |
| വരവ് | 20,59,91,879/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26,73,60,098/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,79,49,412/-രൂപ |

| | |
|---|---|
| നീക്കിയിരിപ്പ് | 11,94,10,686/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 25980/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 806569/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11909437/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 29719776/- | 29719776/- | 24375671/- | 5344105/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 19950054/- | 19950054/- | 14214842/- | 5735212/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied Treasury) | 0 | 242853/- | 242853/- | 21711/- | 221142/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied Bank) | 3983984/- | 4601500+ 292401 (98831+88679+ 79009+25882) = 4893901/- | 8877885/- | 6488261/- | 2389624/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied Try) | 0 | 395000/- | 395000/- | 0 | 395000/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied Bank) | 10784892/- | 6902500/- | 17687392/- | 13226417/- | 4460975/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 12509000/- | 12509000/- | 6537397/- | 5971603/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6047000/- | 6047000/- | 4106240/- | 1940760/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | 12473104/- | 11366811/-* | 23839915/- | 2449341/- | 21390574/-* |

1) ജി.ഒ (ആർ.ടി) 1049/23/ഫിൻ 13-02-23 ഉത്തരവ് പ്രകാരം വികസന ഫണ്ട് ജനറൽ, എസ്.സി.പി എന്നീ വിഭാഗത്തിലേയ്ക്ക് അനുവദിച്ച അലോട്ട്മെന്റ് തുകകൾ യഥാക്രമം 6783676/-രൂപ, 6553887/-രൂപ എന്നീ തുകകൾ സാംഖ്യ എ.സി.ആറിൽ ഉൾപ്പെട്ടിട്ടില്ല.

2) റോഡിതര സംരക്ഷണ വിഹിതത്തിൽ ജി.ഒ(ആർ.ടി) 6267/22/ഫിൻ/05-09-22 ഉത്തരവ് പ്രകാരം 6283667/-രൂപ മുതൽ കൂട്ടിയതും ജി.ഒ(ആർ.ടി)8253/22/ഫിൻ/05-12-22 ഉത്തരവ് പ്രകാരം അനുവദിച്ച 2015667/-രൂപയും സാംഖ്യ എ.സി.ആറിൽ ഉൾപ്പെടുത്തിയില്ല.

3) റോഡ് സംരക്ഷണ വിഹിതത്തിൽ ജി.ഒ(ആർ.ടി)8253/22/ഫിൻ/05-12-22 ഉത്തരവ് പ്രകാരം അനുവദിച്ച 4121650/-രൂപ സാംഖ്യ എ.സി.ആറിൽ ഉൾപ്പെടുത്തിയില്ല.

4) RP-24 -ൽ ഹെഡ്കോഡ് 320100100-ൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്ന 33366811/-രൂപയിൽ ഹഡ്കോ ലോൺ വരവ് 2.2 കോടി രൂപ ഉൾപ്പെട്ടിരുന്നത് ഒഴിവാക്കിയാണ് പട്ടികയിൽ തുക ഉൾപ്പെടുത്തിയിരിക്കുന്നത്. ടി ഹെഡ്കോഡിലെ വരവ് തുകയിൽ NULM, സ്വച്ഛ് ഭാരത് മിഷൻ, ശുചിത്വ മിഷൻ, PMAY കേന്ദ്ര-സംസ്ഥാന വരവുകൾ ന്യൂട്രീഷൻ എന്നീ വരവുകളും ഉൾപ്പെട്ടിട്ടുണ്ട്. ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിബാക്കി തുകയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ ഇനം തിരിച്ചുള്ള ഫണ്ട് വിനിയോഗം ഉൾപ്പെടുത്തിയിട്ടില്ല.

5) സി.എഫ്.സി. -അൺ റ്റൈഡ് ഫണ്ടിന്റെ തൻവർഷത്തെ സാംഖ്യാ എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, തദനുസൃതമായി വരുന്ന നീക്കിബാക്കി വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിബാക്കിയുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്ക് പ്രകാരം ചെലവ് തുക ജേണൽ ചെയ്തിരിക്കുന്നത് 8532321/-രൂപയാണ്. ടി ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ 176414/-രൂപ കൂടുതലായി വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്.

6) സി.എഫ്.സി. - റ്റൈഡ് ഫണ്ടിന്റെ തൻവർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, സാംഖ്യാ എ.സി.ആർ. പ്രകാരമുള്ള ആകെ ചെലവിൽ പ്രോജക്ട് നം -131 പ്രകാരമുള്ള 195000/-രൂപയുടെ ചെലവ് തൻവർഷം വന്നിട്ടില്ല. ബാങ്ക് ബുക്ക് പ്രകാരം ചെലവ് തുക ജേണൽ ചെയ്തിരിക്കുന്നത് 11262824/-രൂപയാണ്. ടി ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 176414/-രൂപ കൂടുതലായി വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 249 | 174605301/- | 178 | 81219234/- | 0 | 71 | 71.48 |

### 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| കാനറ ബാങ്ക് അക്കൗണ്ട് 26811010 16741 | 5038044/- | പലിശ 18391/-<br>തനത് ഫണ്ട് മുൻകൂർ 3300000/-<br>ആകെ = 3318391/- | 8356435/- | തൊഴിലാളികളുടെ ചെലവ് =7422200/-<br>ഭരണ ചെലവ് =325469<br>ആകെ = 7747669/- | 608766/- |
| ട്രഷറി അക്കൗണ്ട് ശീർഷകം 2217-80-800-76-00-00-00 (Pv) | - | 10000000/- | 10000000/- | തൊഴിലാളികളുടെ ചെലവ് =9694843/-<br>ഭരണ ചെലവ് =303991/-<br>ആകെ = 9998834/- | 1166/- Lapsed |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 43680/- |
| കർഷകതൊഴിലാളി പെൻഷൻ | 1216800/- |
| വിധവാപെൻഷൻ | 14103400/- |
| വാർദ്ധക്യകാല പെൻഷൻ | 24576800/- |
| വികലാംഗപെൻഷൻ | 3769400/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 407200/- |

| | |
|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000/- |

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2024 തീയതിയിൽ 11.50 AM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8000/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം.**

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്.

ചെക്ക്/ഡി.ഡി യായി സ്വീകരിക്കുന്ന വരവിനങ്ങളുടെ വിശദാംശം രേഖപ്പെടുത്തുന്ന ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്ററുകളിലെ കോളങ്ങളിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ചെക്കുകൾ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി, ചെക്ക് പ്രകാരമുള്ള തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തീയതി, തുക ക്രഡിറ്റ് ചെയ്യപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ വിവരം തുടങ്ങിയ പ്രധാനവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ചെക്ക്/ഡി.ഡി പ്രകാരം ലഭിക്കുന്ന തുക യഥാസമയം കളക്ഷന് നൽകി അതാത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നുവെന്ന് നിരീക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം നിലവിലില്ല. തൊഴിൽ നികുതിയുടെ വരവിനത്തിൽ ലഭിച്ച ഡിഡികൾ കളക്ഷന് നൽകാതെ റിട്ടേൺ സ്റ്റേറ്റ്മെന്റിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി.

അക്കൗണ്ടുകളുടെ 2023 ഏപ്രിൽ മാസം മുതലുള്ള റിക്കൺസിലിയേഷൻ വിവരങ്ങൾ ഹാജരാക്കിയില്ല. ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്താത്തതിനാൽ വരവ് തുകകളുടെ ക്രഡിറ്റ് വിവരം അക്കൗണ്ട്സ് സെക്ഷൻ കൃത്യമായി നിരീക്ഷിക്കുന്നില്ല. കൃത്യമായf മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തി വരവ് തുകകളിലെ കൃത്യമായ ഒടുക്ക വിവരം ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ അക്കൗണ്ട്സ് സെക്ഷൻ കൈകൊള്ളേണ്ടതാണ്. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ അവശേഷിക്കുന്ന രസീത് ബുക്കുകളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ, വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വാർഡ് തലത്തിൽ ആധികാരികമാക്കിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെയും,അനുബന്ധ സാമഗ്രികളുടേയും വിനിയോഗത്തിലെ സുതാര്യത നിലനിർത്തുന്നതിനായി യഥാസമയം ആവശ്യകത നിർണ്ണയിച്ചുകൊണ്ട് മാത്രം ഉപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണം. സ്റ്റോക്കിൽ നിന്നും കരാറുകാരന്റെ രേഖാമൂലമുള്ള ആവശ്യപ്രകാരംമാത്രം സാമഗ്രികൾ വിതരണം നടത്തേണ്ടതും, വിതരണം ചെയ്യപ്പെട്ടവയുടെ വിനിയോഗം പരിശോധനയിലൂടെ ഉറപ്പുവരുത്തി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടിയുണ്ടാകേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടി വരുന്ന സാഹചര്യങ്ങളും, എസ്റ്റിമേറ്റിൽ എത്രത്തോളം മാറ്റങ്ങൾ വരുത്തുന്നു എന്നതും പരിശോധിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം ആവശ്യപ്പെട്ടെങ്കിലും പൂർണ്ണമായ വിവരം നഗരസഭ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ചുള്ള വിവരശേഖരണത്തിന് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2012-13 | വിവരം ലഭ്യമാക്കിയില്ല | വിവരം ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2019 മുതൽ 26.11.2019 വരെ | 2017-18 മുതൽ 2018-19 വരെ | 30.12.2019 |

**1-11 രസീത് പിരിവിലെ അപാകതകൾ**

വെറ്റിനറി സർജൻ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ച രസീത് ബുക്ക് നം. 106 പ്രകാരം 19.12.22 ൽ രസീത് നം. 10509 മുതൽ 10519 വരെ പിരിച്ച തുക 63750/- രൂപയാണ്. എന്നാൽ ഫ്രണ്ടോഫീസിൽ അടവാക്കിയ തുക 63250/- രൂപയാണ്. (രസീത് നം. 122020108857/19.12.22) 500/-രൂപ കുറവായിട്ടാണ് അടവാക്കിയത്. രസീത് ബുക്ക് നം. 118 പ്രകാരം 14.03.23 ൽ രസീത് നം. 11701 മുതൽ 11765 വരെ പിരിച്ച തുക 34650/- രൂപയാണ്. എന്നാൽ ഫ്രണ്ടോഫീസിൽ അടവാക്കിയ തുക 34350/- രൂപയാണ്. (രസീത് നം. 016122020113764/14.03.23) 300/-രൂപ കുറവായിട്ടാണ് അടവാക്കിയത്. കൂടാതെ രസീത് ബുക്ക് നം. 138 ലെ 26.12.23തീയതിയിലെ രസീത് നം. 13714 പ്രകാരം പിരിച്ച 7500/- രൂപ അടവാക്കിയത് 10.01.24 ലാണ്. 2007ലെ കേരള മുൻസിപ്പലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 21, കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുച്ഛേദം 7 എന്നിവ പ്രകാരം കാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ സ്വീകരിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്ക്/ട്രഷറിയിൽ അടയ്ക്കേണ്ടതാണെന്നിരിക്കെ വരവ് തുക ഒടുക്കു വരുത്തിയതിലുണ്ടായ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പണം ഒടുക്കു വരുത്തിയതിൽ കുറവ് വരുത്തിയതിനും തുക യഥാസമയം ഒടുക്കു വരുത്താത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അടവാക്കുവാൻ അവശേഷിക്കുന്ന 800/-രൂപ തിരികെ ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതും തുക ഒടുക്കുവരുത്തുന്നതിൽ കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. മേൽ പരിശോധന നടത്തുന്നതിൽ വീഴ്ച വരുത്തിയത് ഗുരുതരമായതിനാൽ ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

**ഓഡിറ്റ് എൻക്വയറി നം. 7/16.01.2024.**

**1-12 25980/- രൂപയുടെ ഡിഡികൾ നാളിതുവരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ**

തൊഴിൽനികുതിയിനത്തിൽ തൻ വർഷം ലഭിച്ച 25980/- രൂപയുടെ ഡിഡികൾ ബാങ്കിൽ ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തി. ഉജ്ജ്വയിൻ സ്മാൾ ഫിനാൻസ് ബാങ്കിന്റെ കൊട്ടാരക്കര ശാഖയിലെ ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ അടവാക്കേണ്ട 24,730/-രൂപയുടെയും (HDFCബാങ്കിന്റെ ഡിഡി നമ്പർ 243200 000240000 99998 തീയതി 21/03/2023), സ്ഥാപന തൊഴിൽ നികുതിയിനത്തിൽ അടവാക്കേണ്ട 1250/- രൂപയുടെയും (HDFCബാങ്കിന്റെ ഡിഡി നമ്പർ 243217 000240000 99998 തീയതി 21/03/2023) ഡിമാന്റ് ഡ്രാഫ്റ്റുകൾ നഗരസഭയിൽ നൽകിയിരുന്നു. എന്നാൽ ഡിഡിയുടെ വിവരം ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെ ഈ ഡിഡികൾ ബാങ്കിൽ കളക്ഷനും നൽകിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള വരവുകളുടെ വിവരം വരവ് രജിസ്റ്ററുകളിലും രേഖപ്പെടുത്തുന്നില്ല. ഡിഡികളുടെ കാലാവധി മൂന്ന് മാസമാണ്. അതുപ്രകാരം 21-06-2023ൽ കാലാവധി അവസാനിച്ചു. ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക് / ട്രഷറി

അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി, പൊരുത്തപ്പെടുത്തൽ പത്രിക അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതാണെന്നും, പ്രസ്തുത പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 6 ൽ വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ നികുതിയുടെ വരവ് ക്രഡിറ്റ് ചെയ്യുന്ന സൌത്ത് ഇന്ത്യൻ ബാങ്കിന്റെ **0105053000024859** എന്ന അക്കൌണ്ടിന്റെ **03/23** മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ **"Cheques Deposited But Not Collected"** എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മേൽ ഡിമാന്റ് ഡ്രാഫ്റ്റുകൾ കളക്ഷനു വേണ്ടി ബാങ്കിൽ സമർപ്പിക്കാതെയാണ്.

ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭ്യമാകുന്ന തുക അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്ക് / ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17, 18, 19, 21 എന്നിവയിൽ വ്യക്തമാക്കിയിരിക്കെ 2023 രണ്ടാം അർദ്ധവാർഷികത്തിലെ തൊഴിൽ നികുതിയിനത്തിൽ ലഭിച്ച തുകയുടെ ഡിഡികൾ അക്കൌണ്ട്സിൽ ഉൾപ്പെടുത്താതിരുന്നതും നാളിതുവരെ കളക്ഷന് നൽകാതിരുന്നതും അത്യന്തം ഗൗരവമുള്ളതായി കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ച വേളയിലാണ് ഈ ഡിഡികൾ കണ്ടെത്തിയത്. 31.03.23 ലെ 122020500412, 122020500413 രസീത് നമ്പരായി ഡേ ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. അക്കൗണ്ടിംഗ് നടപടികളിലും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കു വരുത്തൽ ഉറപ്പാക്കുന്നതിലും സെക്രട്ടറിയുടെയും അക്കൗണ്ടന്റിന്റെയും ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ അതീവ ഗൗരവതരവും നഗരസഭയ്ക്ക് വരുമാനനഷ്ടത്തിന് ഇടയാക്കിയിട്ടുള്ളതുമാണ്. നഗരസഭയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിനും മുനിസിപ്പൽ ഫണ്ടിന്റെ സുരക്ഷിതമായ സൂക്ഷിപ്പിനും ഉത്തരവാദിയായ സെക്രട്ടറി വരുമാനത്തിന്റെ അക്കൗണ്ടിംഗിലും ചെക്കുകളും ഡ്രാഫ്റ്റുകളും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കുവരുത്തുന്നതിലും വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടു. ബാങ്കിൽ / ട്രഷറിയിൽ ഒടുക്കാതെ കൈവശം വച്ചിരിക്കുന്ന ഡിഡികൾ റീവാലിഡേറ്റ് ചെയ്ത് ബാങ്കിൽ സമർപ്പിച്ച് തുക അക്കൗണ്ടിൽ വരവ് വെച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ധനകര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

**വരവ് നഷ്ടം - 25,980/-രൂപ.**

**ഓഡിറ്റ് എൻക്വയറി നം. 13/17.01.2024.**

**1-13 ഫ്രണ്ട് ഓഫീസിൽ സ്വൈപ്പിംഗ് മെഷീൻ മുഖേന വരവുവന്ന തുകകൾ പൂർണ്ണമായും അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല**

ഫ്രണ്ട് ഓഫീസിൽ വിവിധ വരവിനങ്ങൾക്കായി പി ഒ എസ് / സ്വൈപ്പിംഗ് മെഷീൻ മുഖേന അടവാക്കിയതിൽ തുക പൂർണ്ണമായും അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നില്ല. കാനറാ ബാങ്ക് കൊട്ടാരക്കര ശാഖയിലെ അക്കൗണ്ടിൽ ( നം. 2681101019672) ആണ് പ്രസ്തുത തുകകൾ ക്രഡിറ്റ് ആകുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | ഫ്രണ്ടോഫീസിൽ അടവാക്കിയ തുക (₹) | അക്കൗണ്ടിൽ വരവ് വന്ന തുക (₹) | വ്യത്യാസം (₹) |
|---|---|---|---|
| 06.02.23 | 3529/- | 3525.28 | 3.72 |
| 07.02.23 | 17606/- | 17584.79 | 21.21 |
| 08.02.23 | 18621/- | 18596.39 | 24.61 |
| 09.02.23 | 10417/- | 10412/- | 5/- |
| 10.02.23 | 11345/- | 11050.79 | 294.21 |

| | | | |
|---|---|---|---|
| 15.02.23 | 6932/- | 6928.92 | 3.08 |
| 16.02.23 | 9908/- | 9841.48 | 66.52 |
| 17.02.23 | 2779/- | 2777.29 | 1.71 |
| 20.02.23 | 97844/- | 97801.07 | 42.93 |
| 25.02.23 | 7696/- | 7580.19 | 115.81 |
| 26.02.23 | 32611/- | 32013.44 | 597.56 |
| 03.03.23 | 10498/- | 10493/- | 5/- |
| 04.3.23 | 6141/- | 6046/- | 95/- |
| 6.03.23 | 11753/- | 11737.39 | 15.61 |
| 7.3.23 | 5050/- | 5044.80 | 5.2 |
| 08.3.23 | 5934/- | 5872.60 | 61.4 |
| 9.3.23 | 4108/- | 4100/- | 8/- |
| 20.3.23 | 14617/- | 14604.7 | 12.3 |
| 21.3.23 | 15487/- | 15372.38 | 114.62 |
| 22.3.23 | 45997/- | 44915.11 | 1081.89 |
| 23.3.23 | 2897/- | 2894/- | 3/- |
| 24.03.23 | 13718/- | 13711.02 | 6.98 |
| 25.3.23 | 10045/- | 9861.33 | 183.67 |
| 27.03.23 | 17092/- | 16879.11 | 212.89 |
| 28.3.23 | 58444/- | 58438.94 | 5.06 |
| 29.3.23 | 25204/- | 24730.47 | 473.53 |
| 30.03.23 | 38652/- | 38569.82 | 82.18 |
| 31.3.23 | 43607/- | 42974.73 | 632.27 |
| ആകെ | | | 4174.96 |

മേൽ പ്രകാരം തുക പൂർണ്ണമായി ക്രഡിറ്റ് ചെയ്യാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുകയിൽ കുറവുണ്ടായിട്ടുണ്ട്. അപാകതയിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയ്ക്ക് തുക റീഇമ്പേഴ്സ് ചെയ്യുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ എസ്.ബി.ഐ. ഇപോസ് മെഷീനാണ് ഉപയോഗിക്കുന്നതെന്നും മറുപടി നൽകി. മുനിസിപ്പൽ ഫണ്ടിൽ കുറവ് വന്ന തുക തിരികെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 4/12.01.2024.**

**1-14 തൊഴിൽ നികുതി -അപാകതകൾ**

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 4 ലെ 3-ാം ഉപചട്ടം പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേക്കായി നഗരസഭയുടെ പരിധിയിൽ സ്വയം തൊഴിലിലേർപ്പെട്ടവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരോട് തങ്ങളുടെ അർദ്ധവാർഷിക വരുമാനത്തെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ ഓരോ വർഷവും സെപ്റ്റംബർ 30-ാം തീയതിയ്ക്കും മാർച്ച് 31-ാം തീയതിയ്ക്കും മുമ്പായി സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഫ്രണ്ട് ഓഫീസിൽ പ്രാഥമിക പരിശോധനയും, ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷ്മപരിശോധനയും നടത്തി, ഒടുക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത പരിശോധിച്ച്

ഉറപ്പാക്കുന്നതിനും ഓരോ ജീവനക്കാരന്റേയും വരുമാന വിവരം പരിശോധിച്ച് ആയത് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയിലെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു,

1. വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലും അനുബന്ധ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലും ജീവനക്കാർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. നഗരസഭയുടെ അധികാര പരിധിയിൽ വരുന്ന തൊഴിൽ/സ്ഥാപന നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി അതനുസരിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. തൻമൂലം നികുതി പിരിവിന്റെ കൃത്യത ഉറപ്പുവരുത്താനാവുന്നില്ല. 2005-ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം-10 പ്രകാരം നഗരസഭാ പ്രദേശത്തെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നഗരസഭാ പ്രദേശത്ത് തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എത്ര സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ഉണ്ടെന്നുള്ള കൃത്യമായ വിവരം ലഭ്യമല്ല. ഓരോ സ്ഥാപനത്തിലേയും നികുതിദായകരുടെ അടിസ്ഥാന വിവരങ്ങളായ അർദ്ധ വാർഷിക വരുമാനം, അടയ്ക്കേണ്ട നികുതി എന്നിവ ഡിമാന്റ് രജിസ്റ്ററിൽ എഴുതി ചേർക്കുന്നില്ല. സ്വർണ്ണക്കടകൾ, വസ്ത്രശാലകൾ, ഹോട്ടലുകൾ, സൂപ്പർമാർക്കറ്റുകൾ, പെട്രോൾ പമ്പുകൾ, വാഹന ഷോറൂമുകൾ തുടങ്ങി ധാരാളം ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും എല്ലാ ജീവനക്കാരുടേയും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

2. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും കമ്പനികളിൽ നിന്നും ബിസിനസ്സ് നടത്തുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം സൂചിപ്പിച്ചിട്ടുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മോട്ടോർ വാഹന (ടൂറിസ്റ്റ്) ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ പരമാവധി 1,250/-രൂപ അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. നഗരസഭാപരിധിയിൽ തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, കരാറുകാർ, ടൂറിസ്റ്റ് വാഹനഉടമകൾ, നഗരസഭയിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, റേഷൻകട ജീവനക്കാർ എന്നിവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

3. വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമനമ്പർ നൽകി സൂക്ഷിക്കുന്നില്ല.

4. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

വാർഷികധനകാര്യ പത്രികയിൽ തൊഴിൽ നികുതി ട്രഡേഴ്സ് തൻവർഷ കുടിശ്ശികയായി 1,84,607/-രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായി 1,20,78,570/-രൂപയും കാണുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവിന്റെ പുരോഗതി നിരീക്ഷിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാനവശേഷിക്കുന്ന തുക മൂന്നു വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തുടർ വർഷങ്ങളിൽ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 1996-ലെ കേരള മുനിസിപ്പാലിറ്റി നിയമം തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ

പൊതുവായോ, സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽ കരം അടയ്ക്കാൻ ബാധ്യസ്ഥനാണ്. തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതും തൊഴിൽനികുതി പൂർണ്ണമായും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. ഭരണസമിതിയുടെ മേൽനോട്ടം ടി വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 11/17.01.24, 14/18.01.24**

**1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ – അപാകതകൾ**

**1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നുവെന്ന് ഉറപ്പാക്കാനാകുന്നില്ല.**

30.10.2020 തീയതിയിലെ സ. ഉ.(പി.) നം. 62/2020/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നം. 857/2020 എന്നിവ പ്രകാരമുള്ള 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ചുമത്താവുന്ന വാർഷിക ഫീസ് നിരക്ക് ചട്ടം 7 ന്റെ പട്ടിക III ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

| മൂലധന നിക്ഷേപം | ഈടാക്കാവുന്ന ലൈസൻസ് ഫീസ് (₹) |
|---|---|
| 10 ലക്ഷം രൂപ വരെ | 500/- |
| 25 ലക്ഷം രൂപ വരെ | 1,000/- |
| 2 കോടി രൂപ വരെ | 5,000/- |
| 5 കോടി രൂപ വരെ | 10,000/- |
| 5 കോടി രൂപയിൽ കൂടുതൽ | 15,000/- |

ഇതു പ്രകാരം വലിയ മുതൽമുടക്കുള്ള സ്ഥാപനങ്ങളിൽനിന്ന് ആനുപാതികമായ ഫീസ് ഈടാക്കാമെന്നിരിക്കെ, മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

**2) നഗരസഭാ പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല.**

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 448, 449 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാനോ, കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കാനോ പാടില്ല.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം(പുതിയത്) | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1. | 1/20,21,22,23 | അഷ്റഫ് | വാഹന ഷോറൂം ഗോഡൌൺ |
| 2. | 2/234 | നവാസ് | പവർ ടൂൾസ് |
| 3. | 2/260 | സുധീഷ് കുമാർ | റഫ്രിജറേറ്റർ & എ.സി. സർവ്വീസ് |
| 4. | 2/283 | സൈഫുദ്ദീൻ | മൊബൈൽ ഫോൺ സംഭരണം |
| 5. | 3/261 | എം.കെ. അബ്ദുൾ അസീസ് | മെഡിക്കൽ സ്റ്റോർ |
| 6. | 3/381 | റഹ്മത്ത് എ. | അപ്ഹോൾസ്റ്ററി |

| | | | |
|---|---|---|---|
| 7. | 6/87,88 | സുധീർ സി. | ഫാബ്രിക്കേഷൻ മെറ്റീരിയൽസ് |
| 8. | 7/48 | ജ്യോതിർഘോഷ് കാവിള | മൊബൈൽഫോൺ വിൽപ്പന |
| 9. | 11/306(2) | സിബി മെൽവിൻ സ്ലീബ | മോട്ടോർ വാഹന വിൽപ്പന |
| 10. | 15/324 | ഫ്ലിന്റ് റഹ്മാൻ | ഗോൾഡ് കവറിംഗ് |
| 11. | 16/40(1) | ശശിധരൻ നായർ | ഹോട്ടൽ |
| 12. | 21/49 | ഷാജി കുമാർ എസ്.ആർ | ആട്ടോമാറ്റിക സാനിട്ടറി,ടൈൽസ് |
| 13. | 24/73-1 | സന്തോഷ് സി. ഡാനിയേൽ | ഇലക്ട്രോണിക് സാധന വിൽപ്പന |
| 14. | 24/143 | ശബരി സലീം | വുഡൻ ഫർണീച്ചർ |
| 15. | 25/18,25 | രഘുനാഥൻ നായർ | ടയർ സംഭരണം, പുക പരിശോധന കേന്ദ്രം |

3) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾ, റീട്ടെയിൽ റേഷൻ ഡിപ്പോകൾ, ജിംനേഷ്യങ്ങൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ ബാലൻസ്, സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

5) ലൈസൻസിന്റെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 15/18.01.24**

**1-16 വസ്തു നികുതി കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ളത് ഭീമമായ തുക**

മുനിസിപ്പാലിറ്റിയിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് കുടിശ്ശികയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,33,36,542/- രൂപ പിരിച്ചെടുക്കാനുണ്ട്. ആകെ ഡിമാന്റ് തുകയുടെ 56.41% മാത്രമാണ് 2022-23-ൽ പിരിച്ചെടുത്തിട്ടുള്ളത്. നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് വസ്തുനികുതി. എന്നാൽ ഈയിനത്തിലുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. തൻമൂലം നികുതി വരുമാനത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുന്നതിനും ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നതിനും ഇടയാക്കുന്നു.

റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 16/18.01.24

**1-17 വസ്തു നികുതി വരവ് തുക വാർഷിക കണക്കുമായി പൊരുത്തപെടുന്നില്ല.**

വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവു കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ ഡി.സി.ബി പത്രിക എന്നിവ പ്രകാരമുള്ള വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക

| വർഷം | ഡിമാന്റ് | | കലക്ഷൻ | | ബാലൻസ് | | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|
| | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ | |
| 2022-23 | 29704985 | 28330551 | 18288980 | 8927972 | 10894443 | 18798429 | 29692872 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കുടിശ്ശിക

| വർഷം | ഡിമാന്റ് | | കലക്ഷൻ | | ബാലൻസ് | | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|
| | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ | |
| 2022-23 | 28293462 | 25252879 | 20062744 | 9699032 | 7782695 | 15553847 | 23336542 |

വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസും പൊരുത്തപ്പെടുന്നില്ല. നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായ വസ്തുനികുതിയുടെ കണക്കുകൾ കൃത്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 16/18.01.24

**1-18 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല - 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിന് പ്രോജക്ട് ഓഫീസർ (നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പേര്/അടങ്കൽ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബിൽ നമ്പർ (ACR പ്രകാരം) |
|---|---|---|---|
| 123 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി<br>2,00,000/- (വികസന ഫണ്ട് - എസ്.സി.പി.) | 1,00,000/-<br>50,000/-<br>4,00,000/-<br>------------------<br>5,50,000/-<br>(വികസന ഫണ്ട് - എസ്.സി.പി.) | 368/17.03.23<br>445/25.03.23<br>502/29.03.23 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൌകര്യം ഉറപ്പാക്കുന്നതിന് 800 ചതുരശ്ര അടിയിൽ കൂടാത്ത വീടിനോടനുബന്ധിച്ച് 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കുന്നതിനാണ് മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ധനസഹായമായി അനുവദിക്കുന്ന 2,00,000/- രൂപയിൽ 50,000/-രൂപ മുൻകൂറായും, അവശേഷിക്കുന്ന തുക 75,000/-രൂപ വീതമുള്ള 2 തുല്യ ഗഡുക്കളായും നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷം 11 ഗുണഭോക്താക്കൾക്കാണ് ആദ്യ ഗഡുവായി 50,000/-രൂപ നൽകിയിട്ടുള്ളത്. ആദ്യ ഗഡു കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഘട്ടനിർമ്മാണം പൂർത്തിയാക്കി തുടർഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

1) അഖിൽ എസ്., ലക്ഷം വീട്, തൃക്കണ്ണമംഗലം

2) അർഷിത യു.എ., കുഴിവിള വീട്, പടിഞ്ഞാറ്റിൻകര

പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക - 1,00,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നം 05-12.01.2024**

**1-19 മാലിന്യ സംസ്കരണം - ബക്കറ്റ് ബിൻ വിതരണവിവരം ഹാജരാക്കിയില്ല.**

മാലിന്യ സംസ്കരണത്തിനായി ബക്കറ്റ് ബിൻ വാങ്ങി വിതരണം ചെയ്യുന്നതിനായി ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പേര് / അടങ്കൽ തുക | ചെലവഴിച്ച തുക (രൂപ) | വൌച്ചർ നമ്പർ |
|---|---|---|---|
| 276 | മാലിന്യ സംസ്കരണം - ബക്കറ്റ് ബിൻ വിതരണം<br>12,07,300/- രൂപ (ധനകാര്യ കമ്മീഷൻ വിഹിതം)<br>120617/- രൂപ (ഗുണഭോക്തൃ വിഹിതം) | 1,10,189/- (B.C)<br>9,91,699/-<br>93,852/-<br>10,428/-(B.C) | 0327243/31.03.23<br>1292/22-23/31.03.23<br>1299/31.03.23<br>ചെക്ക് നം. 0327246/31.03.23 |
| | **ആകെ** | **12,06,168/-** | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജെം പോർട്ടൽ മുഖേന 694 ബക്കറ്റ് ബിൻ RAIDCO എന്ന സ്ഥാപനത്തിൽ നിന്നും 1,738/-രൂപ നിരക്കിൽ ടെൻഡർ മുഖേന വാങ്ങിയിട്ടുണ്ട്. ബക്കറ്റ് ബിൻ 29 വാർഡുകളിലെയും നഗരസഭാ കൌൺസിലർമാർ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. നഗരസഭാ കൌൺസിലർമാർ കൈപ്പറ്റിയ ബക്കറ്റ് ബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശം ഓഡിറ്റിൽ ഹാജരാക്കിയില്ല. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതി പ്രകാരം ചെലവഴിച്ച 12,06,168/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക - 12,06,168/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 06-12.01.2024**

**1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ലാപ്ടോപ് അനുവദിച്ചു.**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്ന് 37,274/-രൂപ നിരക്കിൽ ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഓഫീസർ (നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പേര്/അടങ്കൽ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബിൽ നമ്പർ (ACR പ്രകാരം) |
|---|---|---|---|
| 274 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം<br>27,95,550/-രൂപ ( വികസന ഫണ്ട് - (എസ്.സി.പി.) | 24,60,084/- വികസന ഫണ്ട് (എസ്.സി.പി.) | 486/28.03.2023 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കംപ്യൂട്ടർ സയൻസ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, ഐ.റ്റി.ഐ., അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് /സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിന് പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ സ.ഉ(കൈ)

നം.115/2022/ത.സ്വ.ഭ.വ തീ. 28.5.22 ഖണ്ഡിക 7.2.7 പ്രകാരം അനുമതിയുള്ളത്. പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയിൽ മേൽ പറഞ്ഞ കോഴ്സുകളിൽ ഉൾപ്പെടാത്ത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എന്നാൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ആനുകൂല്യം വിതരണം ചെയ്ത താഴെ ചേർത്തിട്ടുള്ള വിദ്യാർത്ഥികൾ സർക്കാർ/സ്വാശ്രയ/എയ്ഡഡ് സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിലോ പഠിക്കുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ക്രമ നം. 1. സ്കൂൾതലത്തിൽ വി.എച്ച്.സി യ്ക്ക് പഠിക്കുന്ന വിദ്യാർത്ഥിയാണ്. ക്രമ നം. 2 പി.ജി.ഡി.സി.എ. കോഴ്സിന് പഠിക്കുന്ന സ്ഥാപനം സർവ്വകലാശാല അഫിലിയേഷൻ ഉള്ളതാണോയെന്നത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 3 സി.ഒ.പി.ഒ. ( Computer Operator And Programming Assistant) പത്താം ക്ലാസ് പാസ്സായവർക്ക് നടത്തുന്ന ITI Certificate കോഴ്സാണ്. ഈ കാരണങ്ങളാൽ ഈ 3 വിദ്യാർത്ഥികൾക്കും മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ലാപ്പ്ടോപ്പ് നൽകുവാൻ സാധിക്കില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | അക്ഷയദേവ് പിണറുവിള വീട് പുലമൺ | ജെ.എസ്.ഡി. (ജൂനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ) (2 വർഷം) | ജി.വി.എച്ച്.എസ്.എസ്.ഫോർ ബോയ്സ്, കൊട്ടാരക്കര |
| 2 | കുമാരി യമുന എം. യമുന മന്ദിരം ഇ.റ്റി.സി. പി.ഒ. | പി.ജി.ഡി.സി.എ. (1 വർഷം) | ഓക്സ്ഫോർഡ് കംപ്യൂട്ടേഴ്സ് & ഇമേജസ് |
| 3 | അനന്ദു ഒ. | സി.ഒ.പി.ഒ. (1 വർഷം) | കിംഗ്സ് (പ്രൈവറ്റ്) ഇൻഡസ്ട്രിയൽ ട്രെനിംഗ് ഇനിസ്റ്റിറ്റ്യൂട്ട് |

തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് നൽകിയതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ കാരണങ്ങളാൽ സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ആനുകൂല്യം നൽകിയ ഇനത്തിൽ ചെലവഴിച്ച 1,11,822/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

**നിരാകരിക്കുന്ന തുക – 1,11,822/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 02/12.01.2024**

**1-21 കൊട്ടാരക്കര നഗരസഭയുടെ NULM അക്കൗണ്ടിൽ നിന്നും NULM CDS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിൽ 28,596/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു.**

NULM പദ്ധതിയ്ക്കായി കൊട്ടാരക്കര നഗരസഭയിൽ പരിപാലിക്കുന്ന കാനറ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നതിൽ നിന്ന് NULM CDS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകൾ വിനിയോഗിക്കാത്തത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1. റിലേഷൻഷിപ്പ് കേരള – 10,000/-രൂപ CDS അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടില്ല.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.08.2022 ലെ 9037/F/2015/KSHO നമ്പർ ഉത്തരവ് പ്രകാരം റിലേഷൻഷിപ്പ് കേരള എന്ന പദ്ധതിക്കായി 10,000/-രൂപ 07/10/2022 ൽ കൊട്ടാരക്കര നഗരസഭയിലെ NULM അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുക വിനിയോഗിക്കാതെ CDS അക്കൗണ്ടിൽ

അവശേഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 10,000/-രൂപ നിലവിലും ചെലവഴിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി.

2. UPRP – 18590/-രൂപ CDS അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടില്ല.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.09.2022 ലെ 1014/F/2021/KSHO നമ്പർ ഉത്തരവ് പ്രകാരം 57,550/-രൂപ 07/10/2022 ൽ കൊട്ടാരക്കര നഗരസഭയുടെ NULM അക്കൗണ്ടിൽ നിന്നും CDS ന്റെ NULM അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിൽ ഓഡിറ്റ് തീയതി വരെ 38,594/-രൂപ ചെലവഴിച്ചിട്ടുണ്ട്. 18,596/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു.

NULM CDS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന 28,596/-രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം - 01/2022-23/10.01.2024**

**1-22 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - 35,040/-രൂപയുടെ എ-4 പ്രിന്റർ ലഭിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് | 178/2022-23<br>മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| വകയിരുത്തിയ ഫണ്ട് /തുക | തനത് ഫണ്ട് - ₹ 2,000/-<br>മെയിന്റനൻസ് ഗ്രാന്റ് - (റോഡിതരം) – ₹ 80,000/- |
| ചെലവഴിച്ച തുക | തനത് ഫണ്ട് – ₹ 1,328/-<br>മെയിന്റനൻസ് ഗ്രാന്റ് - (റോഡിതരം) – ₹ 80,000/- |

മേൽ പ്രോജക്ട് പ്രകാരം മൃഗാശുപത്രിക്ക് എ4-പ്രിന്റർ വാങ്ങുന്നതിന് കെൽട്രോണിന്റെ 04.02.2023 ലെ TVM/ITBG/P1/RC/45532/2022-23 പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ബിൽ നം 06 തീ. 08-02-2023 പ്രകാരം 33,712/-രൂപ സാങ്ഷൻ നം 277/08-02-2023 പ്രകാരം 1,328/-രൂപയും ഉൾപ്പടെ ആകെ 35,040/-രൂപ കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ എ4-പ്രിന്റർ സപ്ലൈ ചെയ്തതിന്റെ ടാക്സ് ഇൻവോയസ് / ഡെലിവറി ചെലാൻ, സ്റ്റോക്ക് എൻട്രി എന്നിവ ഉൾപ്പെട്ടിട്ടില്ല. തുക തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 35,040/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**തടസ്സപ്പെടുത്തുന്ന തുക – 35,040/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 22/18-01-2024**

**1-23 110 വാട്ട്സ് LED ലൈറ്റുകളുടെ വിനിയോഗ രേഖകളില്ല: 4,98,859/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.**

പ്രോജക്ട് നം. – SO 47/23
പദ്ധതി അടങ്കൽ – 5,00,000/-രൂപ (തനത് ഫണ്ട്)
ചെലവ് – 4,98,859/- രൂപ (ചെക്ക് നം. 8477388/18.11.22)
കരാറുകാരൻ : ഇലക്ട്രിക്കൽ വേൾഡ്, തിരുവനന്തപുരം.
കരാർ നം. – 57/AE/LID&EW/KTRMC/21-22 Dtd 31.3.22

പദ്ധതി പ്രകാരം 161 എണ്ണം 110 Watts LED StreetLigh T(Osram Brand) കൾ വാങ്ങി. എന്നാൽ ഇവ

സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പല തീയതികളിലായി വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആരാണ് കൈപ്പറ്റിയിരിക്കുന്നത്, ഏതൊക്കെ ഇലക്ട്രിക് പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്, മുൻപ് സ്ഥാപിക്കപ്പെട്ടിരുന്ന ലൈറ്റുകൾ കേടുവന്നതിനെ തുടർന്ന് മാറ്റി സ്ഥാപിക്കുന്നതിനായി ഇവ വിനിയോഗിച്ചിട്ടുണ്ടോ, എത്ര എണ്ണം പുതിയതായി സ്ഥാപിച്ചു എന്നീ വിവരങ്ങൾ വ്യക്തമാക്കുന്ന രേഖകളോ സാക്ഷ്യപത്രങ്ങളോ ഫയലിലും സ്റ്റോക്ക് രജിസ്റ്ററിലും ഇല്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ പദ്ധതി ചെലവ് 4,98,859/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**തടസ്സപ്പെടുത്തുന്ന തുക – 4,98,859/-രൂപ**

**ഓഡിറ്റ് എൻക്വയറി നം. – 29/20.1.24**

**1-24 ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിങ് - ചെലവിനെ സാധൂകരിക്കുന്ന രേഖകളും, ലൈറ്റുകളുടെ വിനിയോഗ രേഖകളും ഫയലിൽ സൂക്ഷിച്ചില്ല: 7,27,932/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

2022-23 വർഷത്തിൽ കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിങ്ങിനായി താഴെ ചേർത്തിട്ടുള്ള രണ്ടു സ്പിൽ ഓവർ പദ്ധതികൾ പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം<br>SO 40/23 | പ്രോജക്റ്റ് നം<br>SO 13/23 |
| പദ്ധതി അടങ്കൽ: ₹ 5,30,000/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | പദ്ധതി അടങ്കൽ : ₹ 2,00,000/-(തനത് ഫണ്ട്) |
| ചെലവ്: ₹ 5,27,932/-<br>(ബിൽ നം.246/11.01/23) | ചെലവ്: ₹ 2,00,000/-<br>(ചെക്ക് നം.7563808/9.01.23) |

**(1) പ്രോജക്റ്റ് നം - SO 40/23, (196/21-22)**

കരാറുകാരൻ : ശ്രീ.അനസ്.എ

കരാർ നം. – 23/AE/LID&EW/KTRMC/21-22 Dtd 22.10.21.

ടെന്റർ ഷെഡ്യൂൾ പ്രകാരം ആകെ 118 ഹൈമാസ്റ്റ് ലൈറ്റുകളുടെ പരിപാലനത്തിനാണ് കരാർ ക്ഷണിച്ചിരുന്നത്. എന്നാൽ 128 ഹൈമാസ്റ്റ് ലൈറ്റുകൾ കേടുപാടുകൾ തീർക്കുന്നതിന് 4,474/-രൂപ നിരക്കിൽ തുക കണക്കാക്കി നികുതികളും മറ്റും കുറവുവരുത്തിയ ശേഷം 5,06,816/-രൂപയാണ് ശ്രീ.അനസ് എസ് എന്ന കരാറുകാരന് നൽകിയിട്ടുള്ളത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് കണ്ടെത്തി.

(1) ആകെ എത്ര ഹൈമാസ്റ്റ് ലൈറ്റുകളാണ് മുനിസിപ്പൽ പ്രദേശത്ത് ഉള്ളത് എന്നതിന് കൃത്യമായ രേഖകളില്ല.

(2) മെയിന്റനൻസ് നടത്തിയ ഹൈമാസ്റ്റ് ലൈറ്റുകൾ എന്ന് സ്ഥാപിക്കപ്പെട്ടവയാണെന്നും, വാറന്റി കാലയളവ് കഴിഞ്ഞതിന് ശേഷമാണോ മെയിന്റനൻസ് നടത്തിയിട്ടുള്ളത് എന്നും ഉറപ്പുവരുത്തിയതായി കാണുന്നില്ല.

(3) മെയിന്റനൻസ് നടത്തിയ ഹൈമാസ്റ്റ് ലൈറ്റുകൾ എല്ലാംതന്നെ പൂർവ്വ സ്ഥിതിയിൽ സ്ഥാപിക്കപ്പെട്ടു എന്നതിന് തെളിവില്ല.

(4) 22.10.21 ൽ കരാർ വച്ച ശ്രീ അനസ് എസിന്റെ കരാർ കാലാവധി 22-23 സാമ്പത്തിക വർഷത്തേക്കും നീട്ടി നൽകിയ മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**(2) പ്രോജക്റ്റ് നം – SO 13/23**

പദ്ധതി പ്രകാരം 200,000/-രൂപ പിൻവലിച്ചതിൽ നികുതികളും മറ്റും കിഴിവ് വരുത്തിയ ശേഷം 1,92,000/-രൂപ ശ്രീ.ഉണ്ണികൃഷ്ണപിള്ള എൻ.എസ്-ന് നൽകിയതായി കാണുന്നു. 2022-23 വർഷ സ്പിൽ ഓവർ പദ്ധതിക്ക് കരാറുകാരനായി ശ്രീ.ഉണ്ണികൃഷ്ണപിള്ള എൻ.എസ് നെ തെരഞ്ഞെടുക്കുന്നതിനായി

നടത്തിയ ടെന്റർ നടപടികളുടെ രേഖകൾ, കരാർ, നിരക്ക്, എത്ര ഹൈമാസ്റ്റ് ലൈറ്റുകൾ കേടുപാടുകൾ തീർത്തു, എത്ര എണ്ണം പൂർവ്വ സ്ഥിതിയിൽ സ്ഥാപിക്കപ്പെട്ടു എന്നീ വിവരങ്ങൾ വ്യക്തമാക്കുന്ന സാക്ഷ്യപ്പെടുത്തലുകളും രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കൂടാതെ ഒരേ കാലയളവിൽ തന്നെ മേൽ പരാമർശിത രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ പ്രകാരം ചെലവ് നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. (2021-22 വർഷത്തെ 196-ാം നമ്പർ പദ്ധതി പ്രകാരമാണ് ശ്രീ.അനസ് എസ് കരാർ വച്ചിരിക്കുന്നത്.) മേൽ രണ്ട് പദ്ധതികൾ പ്രകാരം പ്രവൃത്തികൾ നടത്തിയിരിക്കുന്നത് ഏതേത് കാലഘട്ടങ്ങളിലാണെന്നും, ക്ഷമതയുള്ള ഏതു സാങ്കേതിക വിദഗ്ധന്റെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ നിർവ്വഹിച്ചതെന്നും, ആരാണ് മൂല്യനിർണ്ണയങ്ങൾ നടത്തിയതെന്നും വ്യക്തമാക്കുന്ന സാക്ഷ്യപ്പെടുത്തലുകൾ, കരാറുകാരുടെ ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് പകർപ്പുകൾ എന്നിവയും ഫയലിൽ ഇല്ല.

മേൽ പരാമർശ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ രണ്ടു പദ്ധതികൾക്കുമായി ആകെ ചെലവഴിച്ച 7,27,932/- (5,27,932/- + 2,00,000/-)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**തടസ്സപ്പെടുത്തുന്ന തുക - 7,27,932/-രൂപ**

**ഓഡിറ്റ് എൻക്വയറി നം - 25/19.1.24**

**1-25 കൊട്ടാരക്കര തമ്പുരാൻ വീര കേരള വർമ്മയുടേയും കൊട്ടാരക്കര ശ്രീധരൻ നായരുടേയും പ്രതിമകൾ സ്ഥാപിക്കൽ.- പദ്ധതി പൂർത്തീകരണം സാധ്യമായില്ല. 2,25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.**

പ്രോജക്ട് നം.SO 35/22-23

നിർവ്വഹണം – മുനിസിപ്പൽ എഞ്ചിനീയർ.

പദ്ധതി അടങ്കൽ : 500000/-രൂപ (തനത് ഫണ്ട്)

ചെലവ് : 2,25,000/-രൂപ (ചെക്ക് നം. 8477398/8.12.22)

മേൽ പദ്ധതി പ്രകാരം, കൊട്ടാരക്കര തമ്പുരാൻ വീര കേരള വർമ്മയുടെ അർദ്ധകായ പ്രതിമ കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്ര ജംഗ്ഷനിലെ മൂന്ന് വിളക്കിന് സമീപവും, ശ്രീ. കൊട്ടാരക്കര ശ്രീധരൻ നായരുടെ അർദ്ധകായ പ്രതിമ കൊട്ടാരക്കര മിനിസിവിൽ സ്റ്റേഷൻ കവാടത്തിലും സ്ഥാപിക്കുന്നതിന് 26.7.21 ലെ 7-ാം നമ്പർ ആയി കൊട്ടാരക്കര മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുത്തിരുന്നു. പ്രതിമകളുടെ നിർമ്മാണത്തിനായി ശ്രീ. ബിജു ചക്കുവരയ്ക്കൽ എന്ന ശില്പി സമർപ്പിച്ച 4,50,000/-രൂപയുടെ ടെന്റർ കൗൺസിലിന്റെ 17.1.2022 ലെ 4-ാം നമ്പർ തീരുമാനത്തിലൂടെ അംഗീകരിച്ചു. ഇതിൻ പ്രകാരം കരാറുകാരന് 24.1.2022 ൽ സെലക്ഷൻ നോട്ടീസ് (No. E2/5704/21); 2.2.2022 ൽ Work Order (No. E2/5704/21) എന്നിവ നൽകുകയും അതേ തീയതിയിൽ തന്നെ കരാർ വച്ച് (No.40/AE/LID&EW/KTRMC/21-22) നിർമ്മിതികൾക്കുള്ള സ്ഥലങ്ങളുടെ കൈമാറ്റവും നടത്തിയിട്ടുണ്ട്.

എന്നാൽ മിനിസിവിൽ സ്റ്റേഷൻ കവാടത്തിൽ പ്രതിമ സ്ഥാപിക്കാൻ അനുമതി നിഷേധിച്ചുകൊണ്ട് 14.2.2022 ൽ കൊട്ടാരക്കര തഹസിൽദാരും, ഭൂമിയുടെ ഉടമസ്ഥാവകാശം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായതിനാൽ, മൂന്ന് വിളക്കിന് സമീപം പ്രതിമ സ്ഥാപിക്കാൻ അനുമതി നിഷേധിച്ചുകൊണ്ട് 21.10.2022 ൽ കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറും മുനിസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ആദ്യ ഗഡു പദ്ധതി പണം 2,25,000/-രൂപ 8.12.2022 ൽ കരാറുകാരന് നൽകിയെങ്കിലും പ്രതിമകൾ സ്ഥാപിച്ചില്ല. പ്രതിമകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ലഭ്യതയോ ഉടമസ്ഥതയോ ഉറപ്പുവരുത്താതെയാണ് 2.2.2022 ൽ കരാറുകാന് Work Order നല്കി മേൽപറഞ്ഞ സ്ഥലങ്ങൾ പ്രതിമകൾ സ്ഥാപിക്കുന്നതിനായി കൈമാറിയിരുന്നത് എന്ന് ഫയൽ രേഖകൾ വ്യക്തമാക്കുന്നു. പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം സംബന്ധമായി

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിക്ക് Work Order നൽകിയ 02.02.2022 ന് ശേഷം 14.02.2022 ലും 21.02.2022 ലുമായി പ്രതിമ സ്ഥാപിക്കുന്നതിന് അനുമതി നിഷേധിച്ചുകൊണ്ട് കൊട്ടാരക്കര തഹസിൽദാരും, ദേവസ്വം അസി. കമ്മീഷണറും അറിയിപ്പ് നൽകിയ ശേഷമാണ് 2,25,000/-രൂപയുടെ ചെക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഇതിൽനിന്നും സർക്കാർ പണം ചെലവഴിക്കുന്നതിലെ നിരുത്തരവാദപരമായ നിലപാടാണ് വ്യക്തമാകുന്നത്. മതിയായ ആസൂത്രണമില്ലാതെ പദ്ധതി ആവിഷ്കരിക്കുകയും, തുക ചെലവഴിക്കുകയും, നിലവിലെ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നിട്ടുള്ളതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് വെളിവാക്കുന്നത്. ആയതിനാൽ ഒരിക്കലും പൂർത്തിയാകാത്ത പദ്ധതിക്കായി ചെലവഴിച്ച 2,25,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 19/18.1.2024.**

**നിരാകരിച്ച തുക – 2,25,000/- രൂപ**

## 1-26 മരാമത്ത് പ്രവൃത്തി-ബിൽതുക കണക്കാക്കിയതിൽ അപാകത: 3693/-രൂപയുടെ അധിക ചെലവ്

പ്രവൃത്തി:210/23 (കാരയ്ക്കൽ വാറത്തിൽ റോഡിന് സംരക്ഷണഭിത്തി നിർമ്മാണം)

ടി.എസ് നം.40368/22-23

ടി.എസ് തുക : 4,00,000/-രൂപ (വികസന ഫണ്ട്)

ചെലവ് : 307514/-രൂപ (ബിൽ നം 433/23.3.23)

കരാറുകാരൻ - ശ്രീ. സുരേഷ് ആർ

കരാർ നം. 07(01)/LID&EW/KTRMC/22-23

പ്രവൃത്തിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിലെ ഇനം1ആയി 11.1.1.1എന്ന പ്രവൃത്തി 12.978 M3 അളവിൽ നിർവ്വഹിച്ചതിന് 11.25 M3ന് 685/-രൂപ നിരക്കിൽ 7706.25/-രൂപയും,1.728m3ന് (Excess Quantity)645.76/-രൂപ നിരക്കിൽ 1115.87/-രൂപയും ചേർത്ത് ആകെ 8822/-രൂപ അനുവദിച്ചിട്ടുണ്ട്.തുടർന്ന് എക്സ്ട്രാ ഇനമായി കരാറുകാരന്റെ സ്വന്തം മണ്ണുനിറയ്ക്കൽ... (Od 396718/2022-23) എന്ന പ്രവൃത്തി 90.022$m^3$ ന് 178.56/m3 രൂപ നിരക്കിൽ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി ബിൽതുക കണക്കാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ആദ്യ ഇനം പ്രവൃത്തിയിൽ കുഴിച്ചെടുത്തമണ്ണ് ഫില്ലിങ്ങിനായി ഉപയോഗിച്ചു എന്ന് സാക്ഷ്യപത്രം ചേർത്തിട്ടുണ്ടെങ്കിലും, കരാറുകാരന്റെ സ്വന്തം മണ്ണുനിറയ്ക്കൽ അളവിൽ നിന്നും ഇത് കുറവ് വരുത്തിയിട്ടില്ല. ഇതുമൂലം 2317/-രൂപയുടെ അധിക ചെലവുണ്ടായി (12.978m3 @178.56/-രൂപ).

2. മണ്ണുനിറയ്ക്കൽ പ്രവൃത്തിയുടെ അളവിൽ നിന്നും സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടില്ല. ഇതുമൂലം 1376/-രൂപയുടെ അധിക ചെലവുണ്ടായി ((90.022-12.978) X 10% X 178.56/-രൂപ).

**ആകെ അധിക ചെലവ് : 3693/-രൂപ.**

മേൽ പരാമർശ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

3693/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 18/18.1.24.**

## 1-27 മരാമത്ത് പ്രവൃത്തി-ടെന്റർ നടപടികളിലെ അപാകതകൾ മൂലം അധിക ചെലവ്

പ്രവൃത്തി-SO18 : വിവിധ ചെറു റോഡുകളുടെ നവീകരണം. (വാർഡ് 3)

TS No. 90435/20-21

അടങ്കൽ തുക: 1,25,000/-രൂപ (തനത് ഫണ്ട്)

ചെലവ് തുക: 1,25,000/-രൂപ(ചെക്ക് നം 0304952/2.8.22)

കരാറുകാരൻ: കെ. അശോക് കുമാർ

കരാർ നം. 47/AE/LID&EW/KTRMC/21-22 തീയതി.19.2.22

പദ്ധതി ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയ്ക്കായി ക്ഷണിച്ച ആദ്യ ടെന്റർ 1.2.21 ൽ Open ചെയ്തതിൽ L1 ശ്രീ. മോനച്ചന്റെ 12% കുറഞ്ഞ നിരക്കിലുള്ള ടെന്റർ ആയിരുന്നു. (Tender Register 20-21, Page 148). എന്നാൽ Single Tender ആയതിനെ തുടർന്ന് റീടെണ്ടർ നടത്തിയതിൽ ലഭ്യമായ ശ്രീ. കെ. ചന്ദ്രബാബുവിന്റെ 10.01% കുറഞ്ഞ Tender 20.9.21 ൽ Open ചെയ്തു.(Tender Register Page 30 ൽ Single Tender-not Opened എന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ടെന്റർ Open ചെയ്താണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്). എന്നാൽ ഇതും Single Tender ആയതിനാൽ വീണ്ടും ടെന്റർ നടത്തുകയും ശ്രീ കെ.അശോക് കുമാറിന്റെ 10% അധിക നിരക്കിലുള്ള ടെന്റർ അംഗീകരിക്കുകയും ചെയ്തു കാണുന്നു.

ജി.ഒ.(പി) നം. 324/2015/ധന തീയതി 30.7.2015 പ്രകാരം, സിംഗിൾ ടെണ്ടർ ലഭ്യമാകുമ്പോൾ സ്വീകരിക്കേണ്ട ടെന്റർ തുറക്കൽ കാലാവധി 15 ദിവസങ്ങൾ നീട്ടിവച്ചുകൊണ്ട് കൂടുതൽ ടെന്ററുകൾ ലഭ്യമാക്കാൻ ശ്രമം നടത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാതെയും, സിംഗിൾ ടെണ്ടർ തുറക്കാൻ പാടില്ല എന്ന നിർദ്ദേശം പാലിക്കാതെയും റീ ടെന്റർ നടത്തുകയും റീ ടെന്ററിൽ ലഭ്യമായ ടെന്റർ അംഗീകരിക്കാതെ തുടർന്നും ടെന്റർ നടത്തി 10% അധിക നിരക്കിലുള്ള ടെന്റർ അംഗീകരിക്കുകയുംചെയ്തു.ടെന്റർ നടപടികളിലെ അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ടെന്റർ നടപടികളിലെ അപാകതകൾമൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് കണക്കാക്കുന്നു.

| RE Tenderൽ ലഭ്യമായ 10.01%കുറഞ്ഞ നിരക്കിലുള്ള ടെന്റർ അംഗീകരിച്ചിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് | 10% അധിക നിരക്കിൽ അനുവദിച്ച തുക |
|---|---|
| Tender Schedule Amount : 1,10,896.22 രൂപ<br>10.01% കുറവ് : 11100.71 രൂപ<br>.................:99795.50 രൂപ<br>12% GST : 11975.46 രൂപ<br>ആകെ : 111771/-രൂപ | Tender Schedule Amount : 1,10,896.22 രൂപ<br>10%അധികം : 11089.62 രൂപ<br>.........................:121985.84 രൂപ<br>12% GST : 14638.3 രൂപ<br>ആകെ : 136624/-രൂപ |

പദ്ധതി തുകയിൽ പരിമിതപ്പെടുത്തി 1,25,000/-രൂപ പിൻവലിച്ചു. 13,229/- (125000-111771) രൂപയുടെ അധിക ചെലവുണ്ടായി. 13,229/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 17/18.1.2024.**

**നിരാകരിച്ച തുക – 13,229/- രൂപ**

**1-28 ഹരിതകർമസേന - പ്രവർത്തന അവലോകനം**

കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ 29 വാർഡുകളിലായി 9234 കുടുംബങ്ങളും 1909സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ30055.(2011 കാനേഷുമാരി വിവരങ്ങൾ). മുനിസിപ്പാലിറ്റിയിൽ 41 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, അതാതു വാർഡുകളിലെ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 6 മുതൽ 19 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ കലണ്ടർ പ്രകാരം പ്രവർത്തനം നടത്തുന്നു. 'ഹരിതമിത്രം' ആപ്പിലേക്ക് ഉൾപ്പെടുത്തുന്നതിനായി എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ചുവെങ്കിലും പദ്ധതി പൂർണ്ണഅർത്ഥത്തിൽ വിജയകരമായിട്ടില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനി എന്ന സർക്കാർ ഏജൻസിക്കാണ് കൈമാറുന്നത്. ലെഗസി മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാൻ കഴിയുന്നില്ല. മുനിസിപ്പാലിറ്റിക്ക് 26-ാം വാർഡിൽ ഒരു എം.സി.എഫ്, ഒരു ആർ.ആർ.എഫ് എന്നിവ ഒരേ കോംമ്പൗണ്ടിൽ പ്രവർത്തിക്കുന്നു. ഇവയിൽ

ഷ്രെഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിപ്പിക്കുന്നില്ല. 'ക്ലീൻകേരള' കമ്പനിയുമായി മാലിന്യനീക്കത്തിനുള്ള കരാർ നിലനിൽക്കുന്നുവെങ്കിലും മാലിന്യനീക്കം സമയബന്ധിതമായി നടത്താത്തതിനാലും, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ബെയിലിംഗ് നടത്താത്തതിനാലും എം.സി.എഫ്, ആർ.ആർ.എഫ് ഷെഡുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുത്തിനിറച്ച ചാക്കുകെട്ടുകളാൽ നിറഞ്ഞ് കവിഞ്ഞതായും, ഷെഡുകളുടെ പരിസരങ്ങളിൽപോലും ഇത്തരത്തിലുള്ള ചാക്കുകെട്ടുകൾ കൂട്ടി ഇട്ടിരിക്കുന്നതായും ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞു.





യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ യൂണിയൻ ബാങ്ക്, കൊട്ടാരക്കര ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും ഹാജരിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്രതിമാസം 6000/- രൂപയിൽ താഴെ വരുന്ന തുകയാണ് ശരാശരി വേതനമായി ലഭിക്കുന്നതെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുന്നു. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാ വർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ച് നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കുന്നതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (ക്ലീൻ സിറ്റി മാനേജർ), നിർവ്വഹണ ഉദ്യോഗസ്ഥൻ (പി.എച്ച്.ഐ), ഹരിത സഹായ സ്ഥാപന പ്രതിനിധികൾ (2 പേർ), എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സമിതിയുടെ പ്രവർത്തനങ്ങളും ഇടപെടലുകളും കാര്യക്ഷമമല്ല. എല്ലാ വാർഡുകളിലും സേനാ അംഗങ്ങളെ നിയമിക്കുന്നതിനും, എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും ക്യൂ.ആർ. കോഡ് പതിപ്പിച്ച് യൂസർഫീ ഈടാക്കി മാലിന്യനീക്കം നടത്തുന്നതിനും കഴിഞ്ഞിട്ടില്ല എന്ന് സേനാ അംഗങ്ങളുടെ എണ്ണം വ്യക്തമാക്കുന്നു.

2022-23 ൽ കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങൾ നടന്നതായി രേഖയില്ല. സേനയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ്, തിരിച്ചറിയൽ കാർഡ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ മുനിസിപ്പാലിറ്റി വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ എം.സി.എഫ്, ആർ.ആർ.എഫ് ഷെഡുകളിൽ ജീവനക്കാരുടെ ആവശ്യത്തിന് ജല ലഭ്യത ഇല്ല എന്ന അപര്യാപ്തതയും സേനാംഗങ്ങൾ തന്നെ ചൂണ്ടികാണിച്ചു. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിച്ചിട്ടില്ല. 11 വാർഡുകളിൽ ഇനിയും മിനി എം. സി. എഫ്. സ്ഥാപിക്കാൻ ബാക്കിനിൽക്കുന്നു. ICICI ബാങ്ക് 3 ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾ ഹരിത കർമ്മസേനയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്. ഇവ ഓടിക്കുന്നത് മുനിസിപ്പാലിയുടെ ഒരു ഡ്രൈവറും, രണ്ട് വാഹനങ്ങൾ ഹരിതകർമ്മസേനാംഗങ്ങളും ഓടിക്കുന്നു.

മുനിസിപ്പാലിറ്റിയിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് മുനിസിപ്പാലിറ്റിയുടെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23**

| മാസം | യൂസർ ഫീ വരവ് (രൂപ) | പ്ലാസ്റ്റിക് വിൽപ്പന അളവ് (കി.ഗ്രാം) | വിൽപ്പന വരവ് (രൂപ) | ആകെ വരവ് (രൂപ) | ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയ വേതനം |
|---|---|---|---|---|---|
| ഏപ്രിൽ | 265550/- | - | - | 265550/- | 255520/- |
| മെയ് | 279300/- | 6125.65 | 67602.25/- | 346902.25/- | 316250/- |
| ജൂൺ | 291200/- | 4230.40 | 39878.50/- | 331078.50/- | 338580/- |
| ജൂലൈ | 308800/- | 6579.85 | 61574.80/- | 370374.80/- | 349650/- |
| ആഗസ്റ്റ് | 329250/- | 3614.75 | 43477/- | 372727/- | 342370/- |
| സെപ്റ്റംബർ | 324200/- | 4206.70 | 46087.20/- | 370287.20 | 308140/- |
| ഒക്ടോബർ | 300650/- | 2457.80 | 22496.50/- | 323146.50/- | 319610/- |
| നവംബർ | 305300/- | 5774.25 | 74523.75/- | 379823.75/- | 320625/- |
| ഡിസംബർ | 315950/- | 1910.30 | 29648.40/- | 345598.40/- | 338976/- |
| ജനുവരി | 317650/- | 6774.06 | 83821.45/- | 401471.45/- | 364312/- |
| ഫെബ്രുവരി | 349050/- | 5147.60 | 51019/- | 400069/- | 361080/- |
| മാർച്ച് | 362750/- | 4636.65 | 64467/- | 427217/- | 394125/- |

**നിർദ്ദേശങ്ങൾ**

1. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കൂടുതൽ മെച്ചപ്പെട്ട വേതനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
2. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. നഗരസഭ തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
4. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.
5. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷ ഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി പൊതുജനാവബോധം വളർത്തുന്നതിന് നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

**1-29 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം,തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും ഒടുക്കിയ തുകയുടെ വിനിയോഗ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം. | ഫണ്ട്/അടങ്കൽ (രൂപ) | ചെലവ് (രൂപ) | ചെക്ക് നം./വൗച്ചർ നം. | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 326/23<br>താലൂക്ക് ആശുപത്രിയിൽ കുഴൽ കിണർ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 4,50,000/- | 2,19,870/- | 404/20-03-23,<br>518/31-03-23 | ഭൂഗർഭ ജലവകുപ്പ് |
| 2 | 109/23<br>വൈദ്യുതി ലൈൻ വലിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 22,00,000/- | 21,90,294/- | 372/17-03-23<br>373/17-03-23 | കെ.എസ്.ഇ.ബി |
| 3 | 311/23<br>കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 24,33,000/- | 24,33,000/- | 364/15-03-23 | കേരള വാട്ടർ അതോറിട്ടി |
| 4 | 221/23 9,12,19,28 എന്നീ നമ്പർ അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 6,00,000/- | 4,31,480/- | 403/20-03-23<br>407/20-03-23<br>517/31-03-23 | ഭൂഗർഭ ജല വകുപ്പ് |
| 5 | 134/23 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 10,00,000/- | 9,34,300/- | 363/15-03-23 | കേരള വാട്ടർ അതോറിട്ടി |
| | ആകെ | | 62,08,944/- | | |

മേൽ സൂചിപ്പിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിവിധ ഫണ്ടുകളിൽ നിന്നും തൻവർഷം മേൽ സൂചിപ്പിച്ച നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച 62,08,944/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. – 30/20-01-2024.**

**തടസ്സം – 62,08,944/-രൂപ.**

## 1-30 വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിനിയോഗ ബാക്കി സർക്കാരിലേയ്ക്ക് തിരിച്ചടച്ചില്ല

അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന നിക്ഷേപ പ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതത് വർഷം തന്നെ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കുന്നതിന് സ.ഉ(കൈ)നം.38/2023/ധന./09-03-2023 പ്രകാരം ഉത്തരവായിട്ടുണ്ട്. നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം-171/23- “ആലുംപാറ തുമ്പേത്തടം പാറ കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ”, എന്ന പദ്ധതി പ്രകാരം വികസനഫണ്ട്- എസ്.സി.പി യിൽ നിന്നും കേരള വാട്ടർ അതോറിട്ടിയിലേക്ക് തൻവർഷം ഒടുക്കിയ 22,93,911/-(BRN-22040247000300714544/01-11-22, BRN22040247000300836976/29-11-22) രൂപയും 21-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം 262/22 പ്രകാരം ഒടുക്കിയ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ നിക്ഷേപിച്ച 3293911/- രൂപയിൽ 26,05,131/- രൂപ ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 6,88,780/- രൂപ ചെക്ക് നം. - 366209/2-06-23 പ്രകാരം നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാൻ രേഖാ മൂലം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വികസനഫണ്ടിൽ നിന്നുമുള്ള വിനിയോഗ ബാക്കി തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 30/20.01.2024

**1-31 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നിർവഹണത്തിൽ അപാകത**

1) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർത്തലാക്കിയ വാടക തുക / ഷാർപ്പനിംഗ് ചാർജ്ജ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ തുടരുന്നു-147690 രൂപ വിതരണം ചെയ്തു.

03/11/2017 ലെ സ.ഉ.(കൈ)നം.216/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.5.7 പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ജില്ല പ്രോഗ്രാം കോഡിനേറ്റർ നിശ്ചയിച്ച് നൽകുന്ന വാടക തുക അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും പണിയായുധങ്ങളുടെ ഉടമയായ തൊഴിലാളിക്ക് വേതനത്തോടൊപ്പം അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Lr.No F.No.J-11060/36/2022-RE-VI(E379735) Dated 14.06.2022 Of Director, MNREGA, MoRD, MNREGA കേരള മിഷൻ ഡയറക്ടറുടെ 16/06/2022 ലെ NREGA/54/2022-B1 കത്ത് എന്നിവ പ്രകാരം പണിയായുധങ്ങളുടെ വാടക തുക/ ഷാർപ്പനിംഗ് ചാർജ്ജ് എന്നിവ 14.06.2022 ന് ശേഷം വിതരണം ചെയ്യേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കിയ നടപടി മേൽ ഖണ്ഡിക 7.5.7 പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്കും ബാധകമാണെന്നിരിക്കെ 14.06.2022 ന് ശേഷവും വേതനത്തോടൊപ്പം പണിയായുധങ്ങളുടെ വാടക തുക/ ഷാർപ്പനിംഗ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ചെക്ക് നം. / ട്രഷറി ബിൽ നം | തീയതി | തുക | മനുഷ്യദിനം | പണിയുധങ്ങളുടെ വാടക തുക/ ഷാർപ്പനിംഗ് ചാർജ്ജ് |
|---|---|---|---|---|
| 220402000000004845 | 31/08/2022 | 249896 | 838 | 4190 |
| 220402000000005389 | 04/09/2022 | 1028619 | 3281 | 15055 |
| 220402000000005074 | 01/09/2022 | 284398 | 905 | 4525 |
| 220402000000005742 | 06/09/2022 | 608952 | 1922 | 9610 |
| 220402000000005814 | 06/09/2022 | 1369504 | 4324 | 21620 |
| 22040200000000<br>220402000000005910 | 06/09/2022<br>06/09/2022 | 2409676+<br>646040<br>=3055716 | 9664 | 48320 |
| 220402000000006857 | 12/10/2022 | 596186 | 1896 | 9480 |
| 220402000000007156 | 22/10/2022 | 813907 | 2592 | 12960 |
| 220402000000008089 | 15/11/2022 | 1187863 | 3754 | 18770 |
| 220402000000013295 | 27/03/2023 | 411412 | 1352 | 3160 |
| | | | 30528 | 147690 |

2) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കണക്കുകൾ കൃത്യമല്ല.

2022-23 സാമ്പത്തിക വർഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി പരിപാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) 03/2022 ലെ റീക്കൺസിലിയേഷൻ പത്രികയിൽ Directly Credited By Bank, Directly Debited By Bank എന്നീ ഇനങ്ങളിലായി ഉൾപ്പെടുത്തിയ തുകകൾ 2022-23 സാമ്പത്തിക വർഷം SANKHYA ബാങ്ക് ബുക്കിൽ വരവ് /ചെലവ് ഉൾപ്പെടുത്താതെ 03/2023 ലെ റീക്കൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കി.

| 03/2022 ലെ റീക്കൺസിലിയേഷൻ പത്രികയിൽ Directly Credited By Bank | | | റീക്കൺസിലിയേഷൻ പത്രികയിൽ Directly Debited By Bank | | |
|---|---|---|---|---|---|
| തീയതി | ഇനം | തുക (രൂപ) | തീയതി | ഇനം | തുക (രൂപ) |

| | | | | | |
|---|---|---|---|---|---|
| 18/11/2021 | ബിന്ദു | 888 | 17/04/2021 | അലിക്കുട്ടി | 1,776 |
| 18/11/2021 | റിട്ടേൺ | 1,184 | 17/04/2021 | സന്ധ്യ | 1,776 |
| 12/05/2021 | സന്ധ്യ | 296 | 17/04/2021 | രമണി | 5,328 |
| 18/08/2021 | രഞ്ജിനി | 1,776 | 17/04/2021 | ബിന്ദു | 2,072 |
| 18/08/2021 | ചെല്ലമ്മ | 1,776 | 21/06/2021 | സരസ്വതി | 6,216 |
| 18/08/2021 | അജിത | 1,184 | 21/062021 | രമണി | 3,552 |
| 31/12/2021 | റിട്ടേൺ | 5,328 | 29/04/2021 | ലീല | 6,512 |
| 01/01/2022 | ഗീത | 3,848 | 04/09/2021 | ഷീജ | 5,920 |
| | | | 04/09/2021 | ല്യധീന | 3,552 |
| | | | 29/04/2021 | സുഷമ | 888 |
| | | 16,280 | | | 37,592 |

അപാകത പരിഹരിക്കേണ്ടതാണ്.

3) AUEGS - അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിൽ വ്യക്തതയില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 23 പ്രവൃത്തികൾക്ക് 429 തൊഴിലാളികൾക്ക് വേതനം ഇനത്തിൽ 20,10,081/- രൂപ വിതരണം ചെയ്യുന്നതിനായി ചെക്ക് നം 498324 തീ 07-04-2022 കാനറ ബാങ്കിൽ സമർപ്പിച്ചു. 13/04/2022ൽ 429 Individual Withdrawal ആയി 20,10,081/- രൂപ കുറവ് ചെയ്തു. തുടർന്ന് 13/04/2022 ൽ Bulk Transfer ആയി 20,10,081/- വീണ്ടും കുറവ് ചെയ്തു. അപ്രകാരം 20,10,081/- അധികമായി അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തു. ടി തുക വിവിധ തീയതികളിലായി തിരികെ ഈടാക്കിയിട്ടുണ്ട്. എന്നാൽ വിവിധ തീയതികളിലായി Double Entry Reversal, ഇതര ബാങ്കുകളുടെ ബ്രാഞ്ചുകളിൽ നിന്നും NEFT എന്നിവ മുഖേന തിരികെ ലഭിച്ച തുക സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ പരിപാലിക്കുന്ന കണക്കുകളിൽ വ്യക്തതയില്ല. ഈ സാഹചര്യത്തിൽ ഓഡിറ്റിന് ലഭ്യമാക്കിയ റിട്ടേൺ ലിസ്റ്റിൽ പ്രതിപാദിക്കുന്ന താഴെ ചേർക്കുന്ന ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന 84,952/- രൂപ ഈടാക്കിയതിൽ വ്യക്തതയില്ല.

| ട്രാൻസ്ഫർ ലിസ്റ്റിലെ ക്രമ നം. | തൊഴിലാളികളുടെ പേര് | IFSC.CODE | Account No | അധികമായി അനുവദിച്ച തുക (രൂപ) | തിരികെ ഈടാക്കിയ തുക (രൂപ) | ഈടാക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|---|---|
| 9 | Mini | PUNB0429800 | 4298001700049453 | 6,808 | 4,144 | 2,664 |
| 16 | Chellappan | SIBL0000105 | 0105053000021866 | 7,548 | 2,960 | 4,588 |
| 19 | Shylaja | PUNB0429800 | 4298001700046465 | 9,472 | 0 | 9,472 |
| 28 | Lissy Jacob | PUNB0429800 | 4298001700049426 | 15,444 | 4,640 | 10,804 |
| 37 | Sudha P | SBIN0005047 | 20199318460 | 6,956 | 0 | 6,956 |
| 92 | Omana Achan Kunju | IDIB000K075 | 481368475 | 3,256 | 2,368 | 888 |
| 107 | Helensabu | FDRL0001036 | 10360100325188 | 2,368 | 1,480 | 888 |
| 136 | Aswathy A | PUNB0429800 | 4298001700095708 | 9,472 | 2,368 | 7,104 |
| 183 | Rugmini | PUNB0429800 | 4298001700064090 | 5,920 | | 5,920 |
| 197 | Sunitha Rajan | PUNB0429800 | 4298001700120655 | 2,960 | 2,664 | 296 |
| 207 | Ponnamma Jose | PUNB0429800 | 4298001700066496 | 2,960 | 2,072 | 888 |
| 269 | Vilasini | IOBA0003208 | 320801000001451 | 12,876 | 3,848 | 9,028 |

| | | | | | | |
|---|---|---|---|---|---|---|
| 283 | Presenna Vinodh | IOBA0003208 | 320801000001448 | 4,440 | 2,960 | 1,480 |
| 296 | Vijayamma K | SBIN0070063 | 67369168763 | 4,144 | 3,848 | 296 |
| 298 | Sivadasan K | CBIN0280946 | 2117912773 | 4,440 | 3,848 | 592 |
| 302 | Omana | PUNB0429800 | 4298001700088869 | 4,144 | 3256 | 888 |
| 342 | Nirmala | PUNB0429800 | 4298001700064391 | 8,288 | 4,144 | 4,144 |
| 349 | Sarojini | PUNB0429800 | 4298001700113293 | 5,624 | 4,144 | 1,480 |
| 353 | Thankamma | PUNB0429800 | 4298001700079533 | 7,992 | 3,552 | 4,440 |
| 355 | Nalini | IOBA0003208 | 320801000003043 | 5,624 | 3,552 | 2,072 |
| 362 | Najeeba | UCBA0002906 | 29060110023365 | 5,032 | 0 | 5,032 |
| 364 | Laila | IDIB000K075 | 6026009262 | 7,104 | 6,364 | 740 |
| 365 | Shylaja | SBIN0005047 | 20184907687 | 6,808 | 6,216 | 592 |
| 367 | Sobhana | IDIB000K075 | 6026009239 | 6,808 | 6,068 | 740 |
| 379 | Rugmini | PUNB0429800 | 4298001700064090 | 2,960 | | 2,960 |
| | | | | 1,59,448 | 74,496 | 84,952 |

മേൽ വ്യക്തികളുടെ അക്കൗണ്ടിൽ നിന്നും 84,952/- രൂപ അയ്യങ്കാളി പദ്ധതിക്കായി പരിപാലിക്കുന്ന കാനറ ബാങ്ക് അക്കൗണ്ട് നം 2681101016741 ൽ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/19.01.2024 ൽ ലഭ്യമാക്കിയ മറുപടിയിൽ 08.02.2023 ൽ 84,763/- രൂപ ലഭിച്ചു എന്ന് മറുപടി നൽകി. എന്നാൽ ടി തുക ഏതെല്ലാം വ്യക്തികളുടേതാണെന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ 20,10,081/- രൂപ അധികമായി കുറവ് ചെയ്യപ്പെട്ടത് പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കി റീക്കൺസിലിയേഷൻ പത്രിക പൂർണ്ണമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. -32/20-01-2024.**

**ഓഡിറ്റ് എൻക്വയറി നം. 27/19.01.2024.**

**1-32 ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണ വിവരം, ക്യാഷ് ബിൽ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല - 7,500/- രൂപ തടസ്സപ്പെടുത്തുന്നു.**

ഗാർഹിക റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പേര് / അടങ്കൽ തുക | ചെലവഴിച്ച തുക (രൂപ) | വൌച്ചർ നമ്പർ |
|---|---|---|---|
| 80/23 | ഗാർഹിക റിംഗ് കമ്പോസ്റ്റ്<br>95,100/- രൂപ (ധനകാര്യ കമ്മീഷൻ വിഹിതം)<br>131250/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>83,375/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>37500/- രൂപ (ഗുണഭോക്തൃ വിഹിതം) | 35,475/- (26,250/-)<br>(9,225/-)<br>7,500/- (750/-)<br>(1,747/-)<br>(2,625/-)<br>(2378/-)<br>ആകെ – 42,975/-രൂപ | 495/22-23 /19.08.2022<br>496/22-23 /19.08.2022<br>1242/22-23 /30.03.2023<br>1248/22-23 /30.03.2023<br>1249/23/30.03.2023<br>1250/23/30.03.2023 (CFC) |

2021-22 വർഷം 30 ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്ത ഇനത്തിൽ IRTC ക്ക് അനുവദിക്കാൻ

ബാക്കിയുള്ള 35,475/- രൂപയും 2022-23 സാമ്പത്തിക വർഷം വിതരണം ചെയ്ത 3 റിംഗ് കമ്പോസ്റ്റിന്റെ വിലയായ 7,500/- രൂപയും ഉൾപ്പെടെ 42,975/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം വിതരണം ചെയ്ത റിംഗ് കമ്പോസ്റ്റുകളുടെ വിതരണ വിവരം, ക്യാഷ് ബിൽ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ 3 റിംഗ് കമ്പോസ്റ്റിന്റെ വിലയായ 7,500/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 08/16.01.2024**

**തടസ്സപ്പെടുത്തുന്ന തുക – 7,500/- രൂപ**

**1-33 മുൻകൂറുകൾ നാളിതുവരെ ക്രമീകരികരിച്ചില്ല**

കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 99 പ്രകാരം താത്കാലിക മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. നിശ്ചിത സമയത്തിനുള്ളിൽ മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും അടിയന്തിരമായി തിരിച്ച് പിടിക്കേണ്ടതും തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ 18% നിരക്കിൽ പലിശ ഈടാക്കണമെന്നും 4/10/11ലെ GO(P)419/2011/FIN പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ മുൻകൂർ രജിസ്റ്റർ, തനത് ഫണ്ട് വൗച്ചർ എന്നീ രേഖകളുടെ പരിശോധനയിൽ ചുവടെ പറയുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ വിവരങ്ങൾ | ഫയൽ നം. / ആവശ്യം | തുക (രൂപ) / ചെക്ക്നം. |
|---|---|---|
| ശ്രീ. എ. ഷാജു, മുൻസിപ്പൽ ചെയർമാൻ | G6-13220/22<br>പൂനയിൽ നടന്ന EXPOSURE VISIT ചെയ്യുന്നതിനായി യാത്രാക്കൂലി | 25,000/-<br>ചെക്ക് നമ്പർ -0301246/10-10-2022 |
| ശ്രീ. സതീഷ് കുമാർ, ക്ലാർക്ക് | G6-14195/22<br>കേരളോത്സവം | 50,000/-<br>ചെക്ക് നമ്പർ -0305686/02-12-2022 |
| | ആകെ | 75,000/- |

മേൽ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 33/20.1.24) മറുപടി ലഭ്യമാക്കിയില്ല. ശ്രീ. എ. ഷാജു, മുൻസിപ്പൽ ചെയർമാൻ, ശ്രീ. സതീഷ് കുമാർ, ക്ലാർക്ക് എന്നിവരിൽ നിന്ന് മുൻകൂർ തുകയും, തുക ഒടുക്കുന്ന തീയതിവരെയുള്ള 18% പലിശ സഹിതം അടിയന്തിരമായി തിരിച്ച് പിടിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 33/20.1.24**

**നിരാകരിച്ച തുക – 75,000/- രൂപ**

**1-34 നഗരസഭാ ഓഫീസിലേക്ക് ശുചീകരണ സാമഗ്രികൾ വാങ്ങൽ-ചെലവ് രേഖകൾ ഹാജരാക്കിയില്ല**

നഗരസഭാ ഓഫീസിലേക്ക് ശുചീകരണ സാമഗ്രികൾ വാങ്ങുന്നതിനായി (പ്രോജക്ട് നം. 84-23) ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും 1,77,923/- രൂപ (ചെലവ് പത്രിക പ്രകാരം) പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട് (അടങ്കൽ – 2,00,000/- രൂപ ധനകാര്യ കമ്മീഷൻ വിഹിതം). ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ചെലവ് രേഖ ഹാജരാക്കുന്നതിന് 08.01.23, 17.01.23 തീയതികളിൽ ഓഡിറ്റ് റിക്വസിഷൻ (കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം11(b)) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും ചെലവഴിച്ച 1,77,923/- രൂപ ഓഡിറ്റ്

തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ACR ബിൽ നം. 11/12.05.22)

**തടസ്സപ്പെടുത്തുന്ന തുക – 1,77,923/- രൂപ**

**ഓഡിറ്റ് റിക്വസിഷൻ – 08.01.23, 17.01.23**

**1-35 ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല - 3,67,071/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.**

പ്രൊജക്ട് ഓഫീസർ (നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

| പ്രൊജക്ട് നം. | പേര് / അടങ്കൽ തുക | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 87/23 | നഗരസഭ ഹെൽത്ത് വിഭാഗത്തിന് ആവശ്യമായ ഗ്രാസ്സ് കട്ടർ വാങ്ങൽ<br>2,70,000/- രൂപ (ധനകാര്യകമ്മീഷൻ വിഹിതം) | 2,69,571/-<br>12/12.05.22<br>59/20.6.22<br>86/16.7.22<br>105/2.8.22<br>166/28.10.22 |
| 83 | പുതിയ തുറന്ന കിണർ നിർമ്മാണം<br>1,35,000/- രൂപ (ധനകാര്യകമ്മീഷൻ വിഹിതം) | 90,000/-<br>25/21.05.22<br>52/09.06.22<br>218/24.12.22 |
| 213 | പുതിയ തുറന്ന കിണർ നിർമ്മാണം (ജനറൽ)<br>15,000/- രൂപ (തനത് ഫണ്ട്) | 7,500/-<br>249/17.01.23<br>250/20.01.23 |

ചെലവ് രേഖ ഹാജരാക്കുന്നതിന് 08.01.23, 17.01.23 തീയതികളിൽ ഓഡിറ്റ് റിക്വസിഷൻ (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം11(b)) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കായി ചെലവഴിച്ച 3,67,071/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**1-36 ഭരണഘടനാ സാക്ഷരത പദ്ധതി - പദ്ധതി അടങ്കലും സർക്കാർ നിർദ്ദേശവും പാലിക്കാതെ തുക ചെലവഴിച്ചു.**

നിർവ്വഹണം – സെക്രട്ടറി

ഫണ്ട് – വികസന ഫണ്ട്

ഫണ്ട് അടങ്കൽ – 3,37,008/-രൂപ

ചെലവ് – 3,37,008/- രൂപ BRN-2204024700030097911/30.12.2022
(സുലേഖ ചെലവ് പത്രിക പ്രകാരം)

ജില്ലയെ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതാ ജില്ലയാക്കി മാറ്റുന്നതിനായി ജില്ലാ ആസൂത്രണ സമിതി, ജില്ലാ പഞ്ചായത്ത്, കില എന്നിവ സംയുക്തമായി നടപ്പിലാക്കിയ "ദി സിറ്റിസൺ-2022" ഭരണഘടനാ സാക്ഷരതാ പദ്ധതി 3,37,008/-രൂപ വികസനഫണ്ടിൽ നിന്ന് വകയിരുത്തിയാണ് അംഗീകാരം ലഭ്യമാക്കിയത്. 20.08.22 ലെ സ.ഉ(സാധാ)2025/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികൾക്ക് പദ്ധതി നിർവ്വഹണത്തിനായി 5,00,000/-രൂപ വികസനഫണ്ട്/തനത്ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി തലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ തലവന്മാർ യോഗം ചേർന്ന് മേൽ ഉത്തരവിലെ തീരുമാനത്തിന് അനുസരിച്ച് ഫണ്ട് വകയിരുത്തൽ തീരുമാനിയ്ക്കണമെന്നും മേൽ ഉത്തരവിൽ

നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം 17.9.22 ലെ കൊല്ലം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ നടപടിക്രമം ഉത്തരവ് നം.07/21/ഡി.പി.ഒ/കൊല്ലം പ്രകാരം 20.08.22 ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി പദ്ധതി നിർവ്വഹണത്തിന് തുക വകയിരുത്തുന്നതിന് അനുമതി നൽകിയിരുന്നു. 15.09.22 ലെ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന പ്രത്യേക ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിനനുസൃതമായി തുക വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടു കൂടി പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണെന്നും പ്രസ്തുത നിരക്കിനേക്കാൾ അധികമായി തുക ഏതെങ്കിലും ഘടകങ്ങൾക്ക് ആവശ്യമായി വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ആയതിനുള്ള വിശദീകരണം സഹിതം പുതുക്കിയ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണെന്നും തീരുമാനിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ സാക്ഷരതാ പ്രോജക്ട് തുക വകയിരുത്തുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പ്രോജക്ടുകൾ 15.9.22 ലെ ജില്ലാ ആസൂത്രണ സമിതിയുടെ പ്രത്യേക യോഗത്തിൽ സാധൂകരിച്ചിട്ടുള്ളതായും പ്രസ്തുത പ്രോജക്ടുകൾ 17.09.22 ലെ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളെല്ലാം അവഗണിച്ചുകൊണ്ടാണ് മുൻസിപ്പാലിറ്റിയിൽ പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ആകെ അടങ്കൽ 3,37,008/-രൂപ വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയ പദ്ധതിയ്ക്ക് തനത്ഫണ്ടിൽ നിന്ന് 3,77,825/-രൂപ അധികമായി ജില്ലാ ആസൂത്രണ സമിതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക(രൂപ) | ചെക്ക് നം/തീയതി |
|---|---|---|---|
| 1 | വിവിധ ചെലവുകൾക്ക് അഡ്വാൻസ് ശ്രീ കൃഷ്ണനുണ്ണിക്ക് നൽകിയത് | 50,000/- | 032749/25-04-22 |
| 2 | ബാനർ | 450/- | 303504/31-05-22 |
| 3 | സ്റ്റേഷനറി പർച്ചേസ് | 10,704/- | 303505/31-05-22 |
| 4 | ലഘുഭക്ഷണ ചെലവ് | 4,500/- | 304211/20-06-22 |
| 5 | തിരിച്ചറിയൽ കാർഡ് പ്രിന്റിംഗ് ചാർജ്ജ് | 2,850/- | 304212/20-06-22 |
| 6 | ലഘുഭക്ഷണ ചെലവ് | 568/- | 304213/20-06-22 |
| 7 | വിവിധ ചെലവുകൾക്ക് അഡ്വാൻസ് ശ്രീ കൃഷ്ണനുണ്ണിക്ക് നൽകിയതിൽ കൂടുതൽ വന്ന ചെലവിന് നൽകിയ തുക | 25,540/- | 304489/08-7-22 |
| 8 | 17-ാം വാർഡിന്റെ സാക്ഷരതാ പ്രഖ്യാപനം | 25,000/- | 304501/14-07-22 |
| 9 | തിരിച്ചറിയൽ കാർഡ് പ്രിന്റിംഗ് | 400/- | 304511/20-07-22 |
| 10 | 14-01-23ൽ കൊല്ലത്ത് നടന്ന ഭരണ ഘടന സാക്ഷരത പരിപാടിയ്ക്ക് വാഹന വാടക | 67,000/- | 272292/03-01-23 |
| 11 | ലഘുഭക്ഷണ ചെലവ് | 1,750/- | 307266/22-02-23 |
| | | 1,450/- | 305015/29-08-22 |
| 12 | ഭരണഘടന സാക്ഷരത ക്യാംപയിൽ-ഫീൽഡ് തല പരിശോധനയ്ക്ക് വാഹനവാടക | 4,700/- | 305004/25-08-22 |
| 13 | ഭരണഘടന സാക്ഷരത പുസ്തകം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും എത്തിച്ചതിന്റെ പാഴ്സൽ ചെലവ് | 7,000/- | 305640/01-11-22 |
| | ഐ. ഇ. സി. പ്രവർത്തനചെലവ് | 2,01,912/- | |
| 14 | ഭരണ ഘടന ആമുഖം പ്രിന്റിംഗ് | 69,171/- | 304973/08-08-22 |
| | | 16,992/- | 301224/26-09-22 |

| | | | |
|---|---|---|---|
| 15 | ഭരണ ഘടന പുസ്തകം അച്ചടിച്ചതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | 3,37,008/- (3,26,128/- + 10,880/- (IT, CGST, SGST) | 272292/03-01-23 |
| 16 | പഠനസഹായി | 14,750/- | 301224/26-09-22 |
| | **ആകെ** | **4,37,921/-** | |
| 17 | സെനറ്റർമാർക്ക് വേതനം | 33,000/- | 301234/01-10-22 |
| | | 36,000/- | 305050/06-09-22 |
| | | 3,000/- | 305641/01-11-22 |
| | | 3,000/- | 307265/22-02-23 |
| | **ആകെ** | **75,000/-** | |

സർക്കാർ ഉത്തരവിലേയും ജില്ലാ ആസൂത്രണസമിതി നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 17.09.22 ലെ ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവിലെ നിർദ്ദേശിച്ചിട്ടുള്ള പരമാവധി ചെലവ് തുക (രൂപ) | മുനിസിപ്പാലിറ്റി ചെലവഴിച്ച തുക(രൂപ) | നിർദ്ദേങ്ങളിൽ അധികമായി ചെലവഴിച്ച തുക (രൂപ) |
|---|---|---|---|---|
| 1 | ഐ.ഇ.സി പ്രവർത്തനം | 40,000/- | 2,01,912/- | 1,61,912/- |
| 2 | ഭരണഘടനാ ആമുഖത്തിന്റെ പകർപ്പ് 10/-രൂപ നിരക്കിൽ (ആവശ്യകതയ്ക്ക് അനുസരിച്ച്) | 1,00,000/- (10000 പ്രതികൾ) | 86,163/- | ഇല്ല |
| 3 | ഭരണഘടനാ കൈപ്പുസ്തകം 20/-രൂപ നിരക്കിൽ (ആവശ്യകതയ്ക്ക് അനുസരിച്ച്) | 2,00,000/- (10000 പ്രതികൾ) | 3,37,008/- | 1,37,008/- |
| 4 | സെനറ്റർമാർക്ക് ആവശ്യമായ അദ്ധ്യാപന സാമഗ്രികൾ ഒരു സെനറ്റർക്ക് 750/-രൂപ നിരക്കിൽ മുൻസിപ്പാലിറ്റിയിൽ (20 സെനറ്റർമാർ) | 15,000/- ( 20 X 750) | 14,750/- | 250/- |
| 5 | സെനറ്റർമാരുടെ ഹോണറേറിയം 1,000/-രൂപ നിരക്കിൽ പ്രതിമാസം (ഡാറ്റാ ചാർജ്ജ് ഉൾപ്പെടെ) | 1,20,000/- | 75,000/- | ഇല്ല |
| | **ആകെ** | **4,75,000/-** Rounded To | **7,14,833/-** | **2,98,920/-** |

| | | | | |
|---|---|---|---|---|
| | | 5,00,000/- | | |

ഭരണഘടനാ സാക്ഷരതാ പൂർത്തീകരണ പ്രഖ്യാപന ചടങ്ങുമായി ബന്ധപ്പെട്ടുള്ള ചെലവുകൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പദ്ധതിയ്ക്കായി നീക്കിവച്ച തുകയിൽ നിന്ന് കണ്ടെത്തുകയോ അധികമായി തുക ആവശ്യമായ വന്നാൽ അത് ഭരണസമിതി തീരുമാന പ്രകാരം ആസൂത്രണ സമിതിയുടെ പുതുക്കിയ അംഗീകാരത്തിനായി സമർപ്പിക്കണമെന്നും 28.11.2022 ലെ ഡി.പി.ഒ.7/2021/ഡി.ഡി.പി.ഒ കത്തിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം അംഗീകാരം വാങ്ങിയിട്ടില്ല. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി അടങ്കലിൽ അധികമായി ചെലവഴിച്ച 3,77,825/-രൂപ നിരാകരിക്കുന്നു. ടി തുക പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**നിരാകരിച്ച തുക – 3,77,825/-രൂപ**

**ഓഡിറ്റ് എൻക്വയറി നം - 30/2.01.2024**

**1-37 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖ ഹാജരാക്കിയിട്ടില്ല.**

മഴക്കാല പൂർവ്വ ശുചീകരണത്തിനായി, വാർഡ് ഒന്നിന് 20,000/-രൂപ നിരക്കിൽ 29 വാർഡുകൾക്കായി 5,80,000/-രൂപ (തനത്ഫണ്ട് ചെക്ക് നം. 303473/തീയതി 16-05-2022 പ്രകാരം 2,90,000/-രൂപയും, ശുചിത്വമിഷൻ വിഹിതം ചെക്ക് നം. 303538/തീയതി 10-06-2022 പ്രകാരം 2,90,000/-രൂപയും വാർഡ് സാനിറ്റേഷൻ സമതിയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടേയും വിശദീകരണങ്ങളുടെയും അഭാവത്തിൽ 5,80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**തടസ്സപ്പെടുത്തുന്ന തുക – 5,80,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 31/20-01-2024**

**1-38 വിനിയോഗ വിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.**

നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം പരിശോധനയക്ക് ലഭ്യമാക്കാനായി രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

1) പ്രോജക്ട് നം. 107/23 എസ്.എസ്.കെ. വിഹിതം നൽകൽ എന്ന പദ്ധതി (അടങ്കൽ തുക – 10,00,000/-രൂപ – വികസനഫണ്ട്-ജനറൽ) പ്രകാരം 10,00,000/-രൂപ (BRN-22040247000300672337/20.10.22) വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

2) പ്രോജക്ട് നം. 110/23 വയോമിത്രം വിഹിതം പദ്ധതി (അടങ്കൽ തുക - 10,00,000/-രൂപ – വികസനഫണ്ട്-ജനറൽ) പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 10,00,000/- രൂപ (BRN 220402470003007810/16.11.22) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. സംഭാവന നൽകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യ പത്രം നൽകണമെന്ന് സർക്കാർ ഉത്തരവ് (സാധാ)നം.1209/2013/ത.സ്വ.ഭ.വ 06-05-13 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ധനവിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

നഗരസഭയിൽ നിന്നും ഒടുക്കിയ തുകകളുടെ വിനിയോഗവിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതികൾക്കായി ആകെ ചെലവഴിച്ച 20 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. – 30/20-01-2024**

**തടസ്സപ്പെടുത്തിയ തുക – 20,00,000/- രൂപ**

**1-39 പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതി - സുലേഖ പത്രികയിലെ ചെലവ് പൂർണ്ണമല്ല**

പി.എം.എ.വൈ- ഭവന നിർമ്മാണ പദ്ധതി- അംഗീകാരം വാങ്ങുന്നതിൽ ലോൺ, കേന്ദ്ര-സംസ്ഥാന വഹിതം എന്നിവയിൽ നിന്നുമുള്ള ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല.

നഗരസഭ നടപ്പിലാക്കുന്ന പി.എം.എ.വൈ പദ്ധതികൾ പ്രകാരമുള്ള ചെലവിൽ കേന്ദ്ര – സംസ്ഥാന ഫണ്ടുകളും ലോൺ വിഹിതവും ഉൾപ്പെടുന്നില്ല.

തൻവർഷം നഗരസഭ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഫണ്ട് / അടങ്കൽ | ചെലവ് (രൂപ) |
|---|---|---|
| 69/23 PMAY-നഗരസഭാ വിഹിതം ജനറൽ | 4,40,719/- രൂപ (വികസനഫണ്ട് ജനറൽ) | 4,00,000/- |
| 70/23 PMAY-നഗരസഭാ വിഹിതം-എസ്.സി.പി | 6,02,804/- രൂപ (വികസനഫണ്ട് എസ്.സി.പി) | 6,00,000/- |
| 104/23 PMAY-നഗരസഭാ വിഹിതം ജനറൽ | 43,15,670/- രൂപ (വികസനഫണ്ട് ജനറൽ) | 9,70,000/- |
| 105/23 PMAY-നഗരസഭാ വിഹിതം എസ്.സി.പി | 60,00,000/- രൂപ (വികസനഫണ്ട് എസ്.സി.പി) | 13,05,000/- |

പി.എം.എ.വൈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി നൽകുന്ന 4 ലക്ഷം രൂപയിൽ 2 ലക്ഷം നഗരസഭാ വിഹിതവും 2 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന വിഹിതവുമാണ്. എന്നാൽ PMAY പദ്ധതി രൂപീകരിക്കുമ്പോൾ പദ്ധതിയുടെ ധനഘടകത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിക്കുന്ന നഗരസഭാ വിഹിതം മാത്രമാണ് ഉൾപ്പെടുത്തി അംഗീകാരം വാങ്ങി വരുന്നത്. ലോൺ വിഹിതം, കേന്ദ്ര – സംസ്ഥാന വിഹിതം എന്നീ ഇനങ്ങളിൽ നിന്നുമുള്ള ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല.

ലോൺ വിഹിതം ക്രഡിറ്റ് ചെയ്യുന്ന ഐ.സി.ഐ.സി.ഐ. ബാങ്കിലുള്ള അക്കൗണ്ട് നം. 099001000948ൽ നിന്നും തൻവർഷം പിൻവലിച്ച 47,14,320/- രൂപയും കേന്ദ്ര-സംസ്ഥാന വിഹിതം ക്രഡിറ്റ് ചെയ്യുന്ന ഐ.സി.ഐ.സി.ഐ. ബാങ്കിലുള്ള അക്കൗണ്ട് നം. 099001001831ൽ നിന്നും തൻവർഷം പിൻവലിച്ച 1,82,40,000/- രൂപയും ഉൾപ്പെടെ ആകെ 2,29,54,320/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല. നഗരസഭയുടെ പദ്ധതി ചെലവുകളെ സാക്ഷ്യപ്പെടുത്തുന്ന സുലേഖ ചെലവ് പത്രികയിൽ വിശദാംശങ്ങൾ കൃത്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 09/16.01.24

**1-40 തനത് വിഭവ സമാഹരണം-അവലോകനം**

**തൊഴിൽ നികുതി**

തൊഴിൽനികുതിയിനത്തിൽ 12.07 കോടി രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വർഷാന്ത്യത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ( ഖണ്ഡിക-1-14 കണ്ടാലും.)

**ലൈസൻസ് ഫീസ്**

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. വാർഡ് തിരിച്ചുള്ള ലൈസൻസ് ഫീസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. (ഖണ്ഡിക-1-15 കണ്ടാലും.)

വസ്തു നികുതിയിൽ 23.33 കോടി രൂപയുടെ കുടിശ്ശിക.

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള വസ്തുനികുതി പിരിവിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷം 23.33 കോടി രൂപ കുടിശ്ശിക ഉള്ളതായി വ്യക്തമായി. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള DCB സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | | കലക്ഷൻ | | ബാലൻസ് | | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|
| | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ | |
| 2022-23 | 28293462 | 25252879 | 20062744 | 9699032 | 7782695 | 15553847 | 23336542 |

(ഖണ്ഡിക-1-16 കണ്ടാലും.)

ഓൺലൈൻ നികുതി വരവ് യഥാസമയം നഗരസഭയ്ക്ക് ലഭിക്കുന്നില്ല.

ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി സഞ്ചയയിലും സാംഖ്യയിലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്. (ഖണ്ഡിക-1-13 കണ്ടാലും.)

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 25,980/- രൂപയുടെ ഡിഡികൾ നാളിതുവരെ ബാങ്കിൽ സമർപ്പിച്ചില്ല - മേൽനോട്ടത്തിലെ പിഴവ് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

തൊഴിൽനികുതിയിനത്തിൽ തൻ വർഷം ലഭിച്ച 25,980/- രൂപയുടെ ഡിഡികൾ ബാങ്കിൽ ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തി. ഉജ്ജ്വയിൻ സ്മാൾ ഫിനാൻസ് ബാങ്കിന്റെ കൊട്ടാരക്കര ശാഖയിലെ ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ അടവാക്കേണ്ട 24,730/- രൂപയുടെയും (HDFCബാങ്കിന്റെ ഡിഡി നമ്പർ 243200 000240000 99998 തീയതി 21/03/2023), സ്ഥാപന തൊഴിൽ നികുതിയിനത്തിൽ അടവാക്കേണ്ട 1,250/- രൂപയുടെയും (HDFCബാങ്കിന്റെ ഡിഡി നമ്പർ 243217 000240000 99998 തീയതി 21/03/2023) ഡിമാന്റ് ഡ്രാഫ്റ്റുകൾ നഗരസഭയിൽ നൽകിയിരുന്നു. എന്നാൽ ഡിഡിയുടെ വിവരം ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെ ഈ ഡിഡികൾ ബാങ്കിൽ കളക്ഷനും നൽകിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള വരവുകളുടെ വിവരം വരവ് രജിസ്റ്ററുകളിലും രേഖപ്പെടുത്തുന്നില്ല. ഡിഡികളുടെ കാലാവധി മൂന്ന് മാസമാണ്. അതുപ്രകാരം 21-06-2023ൽ കാലാവധി അവസാനിച്ചു. ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി, പൊരുത്തപ്പെടുത്തൽ പത്രിക അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതാണെന്നും, പ്രസ്തുത പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും 2007ലെ കേരള മുൻസിപ്പലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 6 ൽ വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ നികുതിയുടെ വരവ് ക്രഡിറ്റ് ചെയ്യുന്ന സൌത്ത് ഇന്ത്യൻ ബാങ്കിന്റെ 0105053000024859 എന്ന അക്കൌണ്ടിന്റെ 03/23 മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ "Cheques Deposited But Not Collected" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മേൽപ്രകാരം ഡിമാന്റ്ഡ്രാഫറ്റുകൾ കളക്ഷന വേണ്ടി ബാങ്കിൽ സമർപ്പിക്കാതെയാണ്.

ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭ്യമാകുന്ന തുക അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്ക് / ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന 2007ലെ കേരള മുൻസിപ്പലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17, 18, 19, 21 എന്നിവയിൽ വ്യക്തമാക്കിയിരിക്കെ 2023 രണ്ടാം അർദ്ധവാർഷികത്തിലെ തൊഴിൽ നികുതിയിനത്തിൽ ലഭിച്ച തുകയുടെ ഡിഡികൾ അക്കൌണ്ടിസിൽ ഉൾപ്പെടുത്തുകയോ നാളിതുവരെ കളക്ഷന് നൽകാതിരുന്നത്

അത്യന്തം ഗൗരവമുള്ളതായി കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ച വേളയിലാണ് ഈ ഡിഡികൾ കണ്ടെത്തിയത്. എന്നാൽ 31.03.23 ലെ 122020500412, 122020500413 രസീത് നമ്പരായി ഡേ ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. അക്കൗണ്ടിംഗ് നടപടികളിലും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കു വരുത്തൽ ഉറപ്പാക്കുന്നതിലും സെക്രട്ടറിയുടെയും അക്കൗണ്ടന്റിന്റെയും ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ അതീവ ഗൗരവതരവും നഗരസഭയ്ക്ക് വരുമാനനഷ്ടത്തിന് ഇടയാക്കിയിട്ടുള്ളതുമാണ്. നഗരസഭയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിനും നഗരസഭ ഫണ്ടിന്റെ സുരക്ഷിതമായ സൂക്ഷിപ്പിനും ഉത്തരവാദിയായ സെക്രട്ടറി വരുമാനത്തിന്റെ അക്കൗണ്ടിംഗിലും ചെക്കുകളും ഡ്രാഫ്റ്റുകളും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കുവരുത്തുന്നതിലും വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടു. ബാങ്കിൽ / ട്രഷറിയിൽ ഒടുക്കാതെ കൈവശം വച്ചിരിക്കുന്ന ഡിഡികൾ റീവാലിഡേറ്റ് ചെയ്ത് ബാങ്കിൽ സമർപ്പിച്ച് തുക അക്കൗണ്ടിൽ വരവ് വെച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**വരവ് നഷ്ടം - 25,980/- രൂപ**

**ഓഡിറ്റ് എൻക്വയറി നം. 13/17.01.24**

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 ടെന്റർ നടപടികളിലെ അപാകത: 13,229/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.**

പ്രവൃത്തി-SO18 : വിവിധ ചെറു റോഡുകളുടെ നവീകരണം. (വാർഡ് 3)
TS No. 90435/20-21
അടങ്കൽ തുക: 1,25,000/-രൂപ (തനത് ഫണ്ട്)
ചെലവ് തുക: 1,25,000/-രൂപ(ചെക്ക് നം 0304952/2.8.22)
കരാറുകാരൻ: കെ. അശോക് കുമാർ
കരാർ നം. 47/AE/LID&EW/KTRMC/21-22 തീയതി.19.2.22

പദ്ധതി ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയ്ക്കായി ക്ഷണിച്ച ആദ്യ ടെന്റർ 1.2.21 ൽ Open ചെയ്തതിൽ L1 ശ്രീ. മോനച്ചന്റെ 12% കുറഞ്ഞ നിരക്കിലുള്ള ടെന്റർ ആയിരുന്നു. (Tender Register 20-21, Page 148). എന്നാൽ Single Tender ആയതിനെ തുടർന്ന് റീടെണ്ടർ നടത്തിയതിൽ ലഭ്യമായ ശ്രീ. കെ. ചന്ദ്രബാബുവിന്റെ 10.01% കുറഞ്ഞ Tender 20.9.21 ൽ Open ചെയ്തു.(Tender Register Page 30 ൽ Single Tender-not Opened എന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ടെന്റർ Open ചെയ്താണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്). എന്നാൽ ഇതും Single Tender ആയതിനാൽ വീണ്ടും ടെന്റർ നടത്തുകയും ശ്രീ കെ.അശോക് കുമാറിന്റെ 10% അധിക നിരക്കിലുള്ള ടെന്റർ അംഗീകരിക്കുകയും ചെയ്തു കാണുന്നു.

ജി.ഒ.(പി) നം. 324/2015/ധന തീയതി 30.7.2015 പ്രകാരം, സിംഗിൾ ടെണ്ടർ ലഭ്യമാകുമ്പോൾ സ്വീകരിക്കേണ്ട ടെന്റർ തുറക്കൽ കാലാവധി 15 ദിവസങ്ങൾ നീട്ടിവച്ചുകൊണ്ട് കൂടുതൽ ടെന്ററുകൾ ലഭ്യമാക്കാൻ ശ്രമം നടത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാതെയും, സിംഗിൾ ടെണ്ടർ തുറക്കാൻ പാടില്ല എന്ന നിർദ്ദേശം പാലിക്കാതെയും റീ ടെന്റർ നടത്തുകയും റീ ടെന്ററിൽ ലഭ്യമായ ടെന്റർ അംഗീകരിക്കാതെ തുടർന്നും ടെന്റർ നടത്തി 10% അധിക നിരക്കിലുള്ള ടെന്റർ അംഗീകരിക്കുകയുംചെയ്തു.ടെന്റർ നടപടികളിലെ അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ടെന്റർ നടപടികളിലെ അപാകതകൾമൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് കണക്കാക്കുന്നു.

| RE Tenderൽ ലഭ്യമായ 10.01%കുറഞ്ഞ | 10% അധിക നിരക്കിൽ അനുവദിച്ച തുക |
|---|---|

| | |
|---|---|
| നിരക്കിലുള്ള ടെന്റർ അംഗീകരിച്ചിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് | |
| Tender Schedule Amount : 1,10,896.22 രൂപ<br>10.01% കുറവ് : 11100.71 രൂപ<br>................:99795.50 രൂപ<br>12% GST : 11975.46 രൂപ<br>ആകെ : 111771/-രൂപ | Tender Schedule Amount : 1,10,896.22 രൂപ<br>10%അധികം : 11089.62 രൂപ<br>.........................:121985.84 രൂപ<br>12% GST : 14638.3 രൂപ<br>ആകെ : 136624/-രൂപ |

പദ്ധതി തുകയിൽ പരിമിതപ്പെടുത്തി 1,25,000/-രൂപ പിൻവലിച്ചു. 13,229/- (125000-111771) രൂപയുടെ അധിക ചെലവുണ്ടായി. 13,229/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 17/18.1.2024.**

**നിരാകരിച്ച തുക – 13,229/- രൂപ**

**3-2 മരാമത്ത് പ്രവൃത്തി-ബിൽതുക കണക്കാക്കിയതിൽ അപാകത: 3,693/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.**

പ്രവൃത്തി:210/23 (കാരയ്ക്കൽ വാറത്തിൽ റോഡിന് സംരക്ഷണഭിത്തി നിർമ്മാണം)
ടി.എസ് നം.40368/22-23
ടി.എസ് തുക : 4,00,000/-രൂപ (വികസന ഫണ്ട്)
ചെലവ് : 307514/-രൂപ (ബിൽ നം 433/23.3.23)
കരാറുകാരൻ - ശ്രീ. സുരേഷ് ആർ
കരാർ നം. 07(01)/LID&EW/KTRMC/22-23

പ്രവൃത്തിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിലെ ഇനം1ആയി 11.1.1.1എന്ന പ്രവൃത്തി 12.978 M3 അളവിൽ നിർവ്വഹിച്ചതിന് 11.25 M3ന് 685/-രൂപ നിരക്കിൽ 7706.25/-രൂപയും,1.728m3ന് (Excess Quantity)645.76/-രൂപ നിരക്കിൽ 1115.87/-രൂപയും ചേർത്ത് ആകെ 8822/-രൂപ അനുവദിച്ചിട്ടുണ്ട്.തുടർന്ന് എക്സ്ട്രാ ഇനമായി കരാറുകാരന്റെ സ്വന്തം മണ്ണുനിറയ്ക്കൽ... (Od 396718/2022-23) എന്ന പ്രവൃത്തി 90.022$m^3$ ന് 178.56/m3 രൂപ നിരക്കിൽ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി ബിൽതുക കണക്കാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ആദ്യ ഇനം പ്രവൃത്തിയിൽ കുഴിച്ചെടുത്തമണ്ണ് ഫില്ലിങ്ങിനായി ഉപയോഗിച്ചു എന്ന് സാക്ഷ്യപത്രം ചേർത്തിട്ടുണ്ടെങ്കിലും, കരാറുകാരന്റെ സ്വന്തം മണ്ണുനിറയ്ക്കൽ അളവിൽ നിന്നും ഇത് കുറവ് വരുത്തിയിട്ടില്ല. ഇതുമൂലം 2317/-രൂപയുടെ അധിക ചെലവുണ്ടായി (12.978m3 @178.56/-രൂപ).
2. മണ്ണുനിറയ്ക്കൽ പ്രവൃത്തിയുടെ അളവിൽ നിന്നും സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടില്ല. ഇതുമൂലം 1376/-രൂപയുടെ അധിക ചെലവുണ്ടായി ((90.022-12.978) X 10% X 178.56/-രൂപ).

**ആകെ അധിക ചെലവ് : 3693/-രൂപ.**

മേൽ പരാമർശ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

3693/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 18/18.1.24.**

**3-3 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ലാപ്ടോപ്പ് അനുവദിച്ചു.**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്ന് 37,274/-രൂപ നിരക്കിൽ

ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഓഫീസർ (നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പേര്/അടങ്കൽ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബിൽ നമ്പർ (ACR പ്രകാരം) |
|---|---|---|---|
| 274 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം<br>27,95,550/-രൂപ ( വികസന ഫണ്ട് – (എസ്.സി.പി.) | 24,60,084/-<br>വികസന ഫണ്ട് (എസ്.സി.പി.) | 486/28.03.2023 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കംപ്യൂട്ടർ സയൻസ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, ഐ.റ്റി.ഐ., അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് /സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിന് പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീ. 28.5.22 ഖണ്ഡിക 7.2.7 പ്രകാരം അനുമതിയുള്ളത്. പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയിൽ മേൽ പറഞ്ഞ കോഴ്സുകളിൽ ഉൾപ്പെടാത്ത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എന്നാൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ആനുകൂല്യം വിതരണം ചെയ്ത താഴെ ചേർത്തിട്ടുള്ള വിദ്യാർത്ഥികൾ സർക്കാർ/സ്വാശ്രയ/എയ്ഡഡ് സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിലോ പഠിക്കുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ക്രമ നം. 1. സ്കൂൾതലത്തിൽ വി.എച്ച്.സി യ്ക്ക് പഠിക്കുന്ന വിദ്യാർത്ഥിയാണ്. ക്രമ നം. 2 പി.ജി.ഡി.സി.എ. കോഴ്സിന് പഠിക്കുന്ന സ്ഥാപനം സർവ്വകലാശാല അഫിലിയേഷൻ ഉള്ളതാണോയെന്നത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 3 സി.ഒ.പി.ഒ. ( Computer Operator And Programming Assistant) പത്താം ക്ലാസ് പാസ്സായവർക്ക് നടത്തുന്ന ITI Certificate കോഴ്സാണ്. ഈ കാരണങ്ങളാൽ ഈ 3 വിദ്യാർത്ഥികൾക്കും മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ലാപ്പ്ടോപ്പ് നൽകുവാൻ സാധിക്കില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | അക്ഷയദേവ്<br>പിണറുവിള വീട്<br>പുലമൺ | ജെ.എസ്.ഡി.<br>(ജൂനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ)<br>(2 വർഷം) | ജി.വി.എച്ച്.എസ്.എസ്.ഫോർ ബോയ്സ്, കൊട്ടാരക്കര |
| 2 | കുമാരി യമുന എം.<br>യമുന മന്ദിരം<br>ഇ.റ്റി.സി. പി.ഒ. | പി.ജി.ഡി.സി.എ.<br>(1 വർഷം) | ഓക്സ്ഫോർഡ് കംപ്യൂട്ടേഴ്സ് & ഇമേജസ് |
| 3 | അനന്ദു ഒ. | സി.ഒ.പി.ഒ.<br>(1 വർഷം) | കിംഗ്സ് (പ്രൈവറ്റ്) ഇൻഡസ്ട്രിയൽ ട്രെനിംഗ് ഇനിസ്റ്റിറ്റ്യൂട്ട് |

തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് നൽകിയതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ കാരണങ്ങളാൽ സബ്സിഡി-ധനസഹായം

അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ആനുകൂല്യം നൽകിയ ഇനത്തിൽ ചെലവഴിച്ച 1,11,822/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

**നിരാകരിക്കുന്ന തുക – 1,11,822/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 02/12.01.2024**

**3-4 കൊട്ടാരക്കര തമ്പുരാൻ വീര കേരള വർമ്മയുടേയും കൊട്ടാരക്കര ശ്രീധരൻ നായരുടേയും പ്രതിമകൾ സ്ഥാപിക്കൽ.- പദ്ധതി പൂർത്തീകരണം സാധ്യമായില്ല. 2,25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.**

ചെലവ് : 2,25,000/-രൂപ (ചെക്ക് നം. 8477398/8.12.22)

പദ്ധതി അടങ്കൽ : 500000/-രൂപ (തനത് ഫണ്ട്)

നിർവ്വഹണം – മുനിസിപ്പൽ എഞ്ചിനീയർ.

പ്രോജക്റ്റ് നം.SO 35/22-23

മേൽ പദ്ധതി പ്രകാരം, കൊട്ടാരക്കര തമ്പുരാൻ വീര കേരള വർമ്മയുടെ അർദ്ധകായ പ്രതിമ കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്ര ജംഗ്ഷനിലെ മൂന്ന് വിളക്കിന് സമീപവും, ശ്രീ. കൊട്ടാരക്കര ശ്രീധരൻ നായരുടെ അർദ്ധകായ പ്രതിമ കൊട്ടാരക്കര മിനിസിവിൽ സ്റ്റേഷൻ കവാടത്തിലും സ്ഥാപിക്കുന്നതിന് 26.7.21 ലെ 7-ാം നമ്പർ ആയി കൊട്ടാരക്കര മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുത്തിരുന്നു. പ്രതിമകളുടെ നിർമ്മാണത്തിനായി ശ്രീ. ബിജു ചക്കുവരയ്ക്കൽ എന്ന ശില്പി സമർപ്പിച്ച 4,50,000/-രൂപയുടെ ടെന്റർ കൗൺസിലിന്റെ 17.1.2022 ലെ 4-ാം നമ്പർ തീരുമാനത്തിലൂടെ അംഗീകരിച്ചു. ഇതിൻ പ്രകാരം കരാറുകാരന് 24.1.2022 ൽ സെലക്ഷൻ നോട്ടീസ് (No. E2/5704/21); 2.2.2022 ൽ Work Order (No. E2/5704/21) എന്നിവ നൽകുകയും അതേ തീയതിയിൽ തന്നെ കരാർ വച്ച് (No.40/AE/LID&EW/KTRMC/21-22) നിർമ്മിതികൾക്കുള്ള സ്ഥലങ്ങളുടെ കൈമാറ്റവും നടത്തിയിട്ടുണ്ട്.

എന്നാൽ മിനിസിവിൽ സ്റ്റേഷൻ കവാടത്തിൽ പ്രതിമ സ്ഥാപിക്കാൻ അനുമതി നിഷേധിച്ചുകൊണ്ട് 14.2.2022 ൽ കൊട്ടാരക്കര തഹസിൽദാരും, ഭൂമിയുടെ ഉടമസ്ഥാവകാശം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായതിനാൽ, മൂന്ന് വിളക്കിന് സമീപം പ്രതിമ സ്ഥാപിക്കാൻ അനുമതി നിഷേധിച്ചുകൊണ്ട് 21.10.2022 ൽ കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറും മുനിസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ആദ്യ ഗഡു പദ്ധതി പണം 2,25,000/-രൂപ 8.12.2022 ൽ കരാറുകാരന് നൽകിയെങ്കിലും പ്രതിമകൾ സ്ഥാപിച്ചില്ല. പ്രതിമകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ലഭ്യതയോ ഉടമസ്ഥതയോ ഉറപ്പുവരുത്താതെയാണ് 2.2.2022 ൽ കരാറുകാന് Work Order നല്കി മേൽപറഞ്ഞ സ്ഥലങ്ങൾ പ്രതിമകൾ സ്ഥാപിക്കുന്നതിനായി കൈമാറിയിരുന്നത് എന്ന് ഫയൽ രേഖകൾ വ്യക്തമാക്കുന്നു. പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം സംബന്ധമായി വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിക്ക് Work Order നൽകിയ 02.02.2022 ന് ശേഷം 14.02.2022 ലും 21.02.2022 ലുമായി പ്രതിമ സ്ഥാപിക്കുന്നതിന് അനുമതി നിഷേധിച്ചുകൊണ്ട് കൊട്ടാരക്കര തഹസിൽദാരും, ദേവസ്വം അസി. കമ്മീഷണറും അറിയിപ്പ് നൽകിയ ശേഷമാണ് 2,25,000/-രൂപയുടെ ചെക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഇതിൽനിന്നും സർക്കാർ പണം ചെലവഴിക്കുന്നതിലെ നിരുത്തരവാദപരമായ നിലപാടാണ് വ്യക്തമാകുന്നത്. മതിയായ ആസൂത്രണമില്ലാതെ പദ്ധതി ആവിഷ്കരിക്കുകയും, തുക ചെലവഴിക്കുകയും, നിലവിലെ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നിട്ടുള്ളതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് വെളിവാക്കുന്നത്. ആയതിനാൽ ഒരിക്കലും പൂർത്തിയാകാത്ത പദ്ധതിക്കായി ചെലവഴിച്ച 2,25,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 19/18.1.2024.**

**നിരാകരണം – 225000/-രൂപ.**

**3-5 മുൻകൂറുകൾ നാളിതുവരെ ക്രമീകരികരിച്ചിട്ടില്ല.**

കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 99 പ്രകാരം താത്കാലിക മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. നിശ്ചിത സമയത്തിനുള്ളിൽ മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും അടിയന്തിരമായി തിരിച്ച് പിടിക്കേണ്ടതും തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ 18% നിരക്കിൽ പലിശ ഈടാക്കണമെന്നും 4/10/11ലെ GO(P)419/2011/FIN പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ മുൻകൂർ രജിസ്റ്റർ, തനത് ഫണ്ട് വൌച്ചർ എന്നി രേഖകളുടെ പരിശോധനയിൽ ചുവടെ പറയുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ വിവരങ്ങൾ | ഫയൽ നം. / ആവശ്യം | തുക (രൂപ) / ചെക്ക്നം. |
|---|---|---|
| ശ്രീ. എ. ഷാജു,<br>മുൻസിപ്പൽ ചെയർമാൻ | G6-13220/22<br>പൂനയിൽ നടന്ന EXPOSURE VISIT ചെയ്യുന്നതിനായി യാത്രാക്കൂലി | 25,000/-<br>ചെക്ക് നമ്പർ<br>-0301246/10-10-2022 |
| ശ്രീ. സതീഷ് കുമാർ,<br>ക്ലാർക്ക് | G6-14195/22<br>കേരളോത്സവം | 50,000/-<br>ചെക്ക് നമ്പർ<br>-0305686/02-12-2022 |
| | ആകെ | 75,000/- |

മേൽ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 33/20.1.24) മറുപടി ലഭ്യമാക്കിയില്ല. ശ്രീ. എ. ഷാജു, മുൻസിപ്പൽ ചെയർമാൻ, ശ്രീ. സതീഷ് കുമാർ, ക്ലാർക്ക് എന്നിവരിൽ നിന്ന് മുൻകൂർ തുകയും തുക ഒടുക്കുന്ന തീയതിവരെയുള്ള 18% പലിശ സഹിതം അടിയന്തിരമായി തിരിച്ച് പിടിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 33/20.1.24**

**നിരാകരിച്ച തുക – 75,000/- രൂപ**

**3-6 ഭരണഘടനാ സാക്ഷരത പദ്ധതി - പദ്ധതി അടങ്കലും സർക്കാർ നിർദ്ദേശവും പാലിക്കാതെ തുക ചെലവഴിച്ചു.**

നിർവ്വഹണം – സെക്രട്ടറി

ഫണ്ട് – വികസന ഫണ്ട്

ഫണ്ട് അടങ്കൽ – 3,37,008/-രൂപ

ചെലവ് – 3,37,008/- രൂപ BRN-2204024700030097911/30.12.2022
(സുലേഖ ചെലവ് പത്രിക പ്രകാരം)

ജില്ലയെ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതാ ജില്ലയാക്കി മാറ്റുന്നതിനായി ജില്ലാ ആസൂത്രണ സമിതി, ജില്ലാ പഞ്ചായത്ത്, കില എന്നിവ സംയുക്തമായി നടപ്പിലാക്കിയ "ദി സിറ്റിസൺ-2022" ഭരണഘടനാ സാക്ഷരതാ പദ്ധതി 3,37,008/-രൂപ വികസനഫണ്ടിൽ നിന്ന് വകയിരുത്തിയാണ് അംഗീകാരം ലഭ്യമാക്കിയത്. 20.08.22 ലെ സ.ഉ(സാധാ)2025/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികൾക്ക് പദ്ധതി നിർവ്വഹണത്തിനായി 5,00,000/-രൂപ വികസനഫണ്ട്/തനത്ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി തലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ തലവന്മാർ യോഗം ചേർന്ന് മേൽ ഉത്തരവിലെ തീരുമാനത്തിന് അനുസരിച്ച് ഫണ്ട് വകയിരുത്തൽ തീരുമാനിയ്ക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം 17.9.22 ലെ കൊല്ലം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ നടപടിക്രമം ഉത്തരവ് നം.07/21 /ഡി.പി.ഒ/കൊല്ലം പ്രകാരം 20.08.22 ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് അനസൃതമായി പദ്ധതി നിർവ്വഹണത്തിന് തുക വകയിരുത്തുന്നതിന് അനുമതി നൽകിയിരുന്നു. 15.09.22 ലെ ജില്ലാ പഞ്ചായത്ത്

കോൺഫറൻസ് ഹാളിൽ ചേർന്ന പ്രത്യേക ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിനനുസൃതമായി തുക വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടു കൂടി പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണെന്നും പ്രസ്തുത നിരക്കിനേക്കാൾ അധികമായി തുക ഏതെങ്കിലും ഘടകങ്ങൾക്ക് ആവശ്യമായി വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ആയതിനുള്ള വിശദീകരണം സഹിതം പുതുക്കിയ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണെന്നും തീരുമാനിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ സാക്ഷരതാ പ്രോജക്ട് തുക വകയിരുത്തുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പ്രോജക്ടുകൾ 15.9.22 ലെ ജില്ലാ ആസൂത്രണ സമിതിയുടെ പ്രത്യേക യോഗത്തിൽ സാധൂകരിച്ചിട്ടുള്ളതായും പ്രസ്തുത പ്രോജക്ടുകൾ 17.09.22 ലെ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളെല്ലാം അവഗണിച്ചുകൊണ്ടാണ് മുൻസിപ്പാലിറ്റിയിൽ പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ആകെ അടങ്കൽ 3,37,008/-രൂപ വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയ പദ്ധതിയ്ക്ക് തനത്ഫണ്ടിൽ നിന്ന് 3,77,825/-രൂപ അധികമായി ജില്ലാ ആസൂത്രണ സമിതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക(രൂപ) | ചെക്ക് നം/തീയതി |
|---|---|---|---|
| 1 | വിവിധ ചെലവുകൾക്ക് അഡ്വാൻസ് ശ്രീ കൃഷ്ണനുണ്ണിക്ക് നൽകിയത് | 50,000/- | 032749/25-04-22 |
| 2 | ബാനർ | 450/- | 303504/31-05-22 |
| 3 | സ്റ്റേഷനറി പർച്ചേസ് | 10,704/- | 303505/31-05-22 |
| 4 | ലഘുഭക്ഷണ ചെലവ് | 4,500/- | 304211/20-06-22 |
| 5 | തിരിച്ചറിയൽ കാർഡ് പ്രിന്റിംഗ് ചാർജ്ജ് | 2,850/- | 304212/20-06-22 |
| 6 | ലഘുഭക്ഷണ ചെലവ് | 568/- | 304213/20-06-22 |
| 7 | വിവിധ ചെലവുകൾക്ക് അഡ്വാൻസ് ശ്രീ കൃഷ്ണനുണ്ണിക്ക് നൽകിയതിൽ കൂടുതൽ വന്ന ചെലവിന് നൽകിയ തുക | 25,540/- | 304489/08-7-22 |
| 8 | 17-ാം വാർഡിന്റെ സാക്ഷരതാ പ്രഖ്യാപനം | 25,000/- | 304501/14-07-22 |
| 9 | തിരിച്ചറിയൽ കാർഡ് പ്രിന്റിംഗ് | 400/- | 304511/20-07-22 |
| 10 | 14-01-23ൽ കൊല്ലത്ത് നടന്ന ഭരണ ഘടന സാക്ഷരത പരിപാടിയ്ക്ക് വാഹന വാടക | 67,000/- | 272292/03-01-23 |
| 11 | ലഘുഭക്ഷണ ചെലവ് | 1,750/- | 307266/22-02-23 |
| | | 1,450/- | 305015/29-08-22 |
| 12 | ഭരണഘടന സാക്ഷരത ക്യാംപയിൽ-ഫീൽഡ് തല പരിശോധനയ്ക്ക് വാഹനവാടക | 4,700/- | 305004/25-08-22 |
| 13 | ഭരണഘടന സാക്ഷരത പുസ്തകം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും എത്തിച്ചതിന്റെ പാഴ്സൽ ചെലവ് | 7,000/- | 305640/01-11-22 |
| | **ഐ. ഇ. സി. പ്രവർത്തനചെലവ്** | **2,01,912/-** | |
| 14 | ഭരണ ഘടന ആമുഖം പ്രിന്റിംഗ് | 69,171/- | 304973/08-08-22 |
| | | 16,992/- | 301224/26-09-22 |
| 15 | ഭരണ ഘടന പുസ്തകം അച്ചടിച്ചതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | 3,37,008/- (3,26,128/- + 10,880/- (IT, CGST, | 272292/03-01-23 |

| | | | |
|---|---|---|---|
| | | SGST) | |
| 16 | പഠനസഹായി | 14,750/- | 301224/26-09-22 |
| | **ആകെ** | **4,37,921/-** | |
| 17 | സെനറ്റർമാർക്ക് വേതനം | 33,000/- | 301234/01-10-22 |
| | | 36,000/- | 305050/06-09-22 |
| | | 3,000/- | 305641/01-11-22 |
| | | 3,000/- | 307265/22-02-23 |
| | **ആകെ** | **75,000/-** | |

സർക്കാർ ഉത്തരവിലേയും ജില്ലാ ആസൂത്രണസമിതി നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 17.09.22 ലെ ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവിലെ നിർദ്ദേശിച്ചിട്ടുള്ള പരമാവധി ചെലവ് തുക(രൂപ) | മുനിസിപ്പാലിറ്റി ചെലവഴിച്ച തുക(രൂപ) | നിർദ്ദേശങ്ങളിൽ അധികമായി ചെലവഴിച്ച തുക (രൂപ) |
|---|---|---|---|---|
| 1 | ഐ.ഇ.സി പ്രവർത്തനം | 40,000/- | 2,01,912/- | 1,61,912/- |
| 2 | ഭരണഘടനാ ആമുഖത്തിന്റെ പകർപ്പ് 10/-രൂപ നിരക്കിൽ (ആവശ്യകതയ്ക്ക് അനുസരിച്ച്) | 1,00,000/- (10000 പ്രതികൾ) | 86,163/- | ഇല്ല |
| 3 | ഭരണഘടനാ കൈപ്പുസ്തകം 20/-രൂപ നിരക്കിൽ (ആവശ്യകതയ്ക്ക് അനുസരിച്ച്) | 2,00,000/- (10000 പ്രതികൾ) | 3,37,008/- | 1,37,008/- |
| 4 | സെനറ്റർമാർക്ക് ആവശ്യമായ അദ്ധ്യാപന സാമഗ്രികൾ ഒരു സെനറ്റർക്ക് 750/-രൂപ നിരക്കിൽ മുൻസിപ്പാലിറ്റിയിൽ (20 സെനറ്റർമാർ) | 15,000/- ( 20 X 750) | 14,750/- | ഇല്ല |
| 5 | സെനറ്റർമാരുടെ ഹോണറേറിയം 1,000/-രൂപ നിരക്കിൽ പ്രതിമാസം (ഡാറ്റാ ചാർജ്ജ് ഉൾപ്പെടെ) | 1,20,000/- | 75,000/- | ഇല്ല |
| | **ആകെ** | **4,75,000/- Rounded To 5,00,000/-** | **7,14,833/-** | **2,98,920/-** |

ഭരണഘടനാ സാക്ഷരതാ പൂർത്തീകരണ പ്രഖ്യാപന ചടങ്ങുമായി ബന്ധപ്പെട്ടുള്ള ചെലവുകൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പദ്ധതിയ്ക്കായി നീക്കിവച്ച തുകയിൽ നിന്ന് കണ്ടെത്തുകയോ അധികമായി തുക ആവശ്യമായ വന്നാൽ അത് ഭരണസമിതി തീരുമാന പ്രകാരം ആസൂത്രണ സമിതിയുടെ പുതുക്കിയ അംഗീകാരത്തിനായി സമർപ്പിക്കണമെന്നും 28.11.2022 ലെ ഡി.പി.ഒ.7/2021/ഡി.ഡി.പി.ഒ കത്തിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം അംഗീകാരം വാങ്ങിയിട്ടില്ല. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി അടങ്കലിൽ അധികമായി ചെലവഴിച്ച 3,77,825/-രൂപ നിരാകരിക്കുന്നു. ടി തുക പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**നിരാകരിച്ച തുക – 3,77,825/-രൂപ**

**ഓഡിറ്റ് എൻക്വയറി നം - 30/2.01.2024**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 17.01.24, 18.01.24 | കെ.എസ്.എ.കെ.എൽ.എം.എം.എൽ/469/24 തീയതി – 19.03.2024 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ | 364/15-03-23 | 24,33,000/- | 0 | 24,33,000/- |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 363/15.03.23 | 9,34,300/- | 0 | 9,34,300/- |
| ഭൂജല വകുപ്പ് | 9,12,19,18എന്നീ അംഗൻവാടികൾക്ക് കുഴൽ കിണർ നിർമ്മാണം | 403/20.03.23<br>407/20.03.23<br>517/30.03.23 | 4,31,480/- | 0 | 4,31,480/- |
| ഭൂജല വകുപ്പ് | താലൂക്ക് ആശുപത്രിയിൽ കുഴൽകിണർ സ്ഥാപിക്കൽ | 404/20.03.23<br>518/31.03.23 | 2,19,870/- | 0 | 2,19,870/- |
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻ വലിക്കൽ | 372/17.03.23<br>373/17.03.23 | 21,90,294/- | 0 | 21,90,294/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം മുൻസിപ്പാലിറ്റിക്ക് വായ്പയിനത്തിൽ 328,00,000/- രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ RP-25 പത്രികയിൽ 1,08,00,000/-രൂപ മാത്രമാണ് ലോൺ വരവിൽ ഉൾപ്പെടുത്തിയത്, ബാക്കി 2.2 കോടി രൂപ RP-24 പത്രികയിൽ 320100100 ഹെഡ്കോഡിൽ കേന്ദ്രവിഹിതമായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ആയത് മൂലം ബാലൻസ് പത്രികയിൽ ലോൺ നീക്കിബാക്കിയിൽ പ്രസ്തുത

തുക ഉൾപ്പെടാതെ 4,28,66,666/- രൂപയാണ് ബാധ്യത കാണിച്ചിരിക്കുന്നത്. വിതരണത്തിനായി ലഭ്യമായ ലോൺ മുൻബാക്കി സംബന്ധിച്ച കൃത്യമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഈ വർഷം ചെലവായ തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ / സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY-HUDCO Loan | GO(Rt)975/2019 /LSGD 14.05.2019 | 3,28,00,000 | 3,80,00,000 | 59,33,334 | | 6,48,66,666 |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-1 | 2014-15 | 6-4 | വിളഗ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേട് | വിളഗ യ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| 2013-14 | 3-2, 3-3 | 2014-15 | 6-4 | വിളഗ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേട് | വിളഗ യ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| 2015-16 | 3-1 | 2016-17 | 3-1 | സർക്കാർ വ്യവസ്ഥകൾ പാലിക്കാതെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ | RR നടപടികൾക്കായി അയച്ചിരിക്കുന്നു. |
| | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് 2014-15 | 4.1.2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയ ആസ്തികൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് 2014-15 | 4.1.4 | ഖരമാലിന്യം – ഉഗ്രൻ കുന്നിൽ സ്ഥാപിച്ചിരിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് – ഇൻസിനറേറ്റർ തകർന്ന് വീണു | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2017-18 | 3-10 | 2019-20 | ഭാഗം 3-1 ഖണ്ഡിക നം. 1 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി – ചെയ്യാത്ത പ്രവൃത്തികൾക്ക് തൊഴിലാളികൾക്ക് കൂലി നൽകി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 25,980/- | - | ശ്രീ. പ്രദീപ്കുമാർ റ്റി. വി, സെക്രട്ടറി |
| 3-1 | | 13,229/- | ശ്രീമതി രശ്മി, നഗരസഭാ എഞ്ചിനീയർ |
| 3-2 | | 3,693/- | ശ്രീമതി രശ്മി, നഗരസഭാ എഞ്ചിനീയർ |
| 3-3 | | 1,11,822/- | ശ്രീ. കിരൺ എസ്, ഹെൽത്ത് ഇൻസ്പെക്ടർ (പ്രോജക്ട് ഓഫീസർ) |
| 3-4 | | 2,25,000/- | ശ്രീമതി രശ്മി, നഗരസഭാ എഞ്ചിനീയർ |
| 3-5 | | 25,000/- | ശ്രീ.ഷാജ്ജു, മുനിസിപ്പൽ ചെയർമാൻ |
| | | 50,000/- | ശ്രീ.സതീഷ് കുമാർ, ക്ലർക്ക് |
| 3-6 | | 3,77,825/- | ശ്രീ. പ്രദീപ്കുമാർ റ്റി. വി, സെക്രട്ടറി |
| **ആകെ** | **25,980/-** | **8,06,569/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,00,000/- | ശ്രീ. കിരൺ എസ്, ഹെൽത്ത് ഇൻസ്പെക്ടർ (പ്രോജക്ട് ഓഫീസർ) |
| 1-19 | 12,06,168/- | ശ്രീ. ബേബി. എസ്, ഹെൽത്ത് സൂപ്പർവൈസർ (Clean City Manager) |
| 1-22 | 35,040/- | ഡോ. ബിന്ദു, വെറ്റിനറി സർജൻ |
| 1-23 | 4,98,859/- | ശ്രീമതി രശ്മി, നഗരസഭാ എഞ്ചിനീയർ |
| 1-24 | 7,27,932/- | ശ്രീമതി രശ്മി, നഗരസഭാ എഞ്ചിനീയർ |
| 1-29 | 62,08,944/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറിശ്രീ. പ്രദീപ് എസ്, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-32 | 7,500/- | ശ്രീ. ബേബി. എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-34 | 1,77,923/- | ശ്രീമതി സുജി. എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 1-35 | 179785.50/- | ശ്രീമതി സുജി. എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| | 179785.50/- | ശ്രീ. പ്രദീപ് എസ്, ഹെൽത്ത് ഇൻസ്പെക്ടർ |
| | 7,500/- | ശ്രീ. അജിത് വി പി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-37 | 5,80,000/- | ശ്രീ. കിരൺ. എസ്, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-38 | 20,00,000/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| **ആകെ** | **1,19,09,437/-** | |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രശ്മി, നഗരസഭാ എഞ്ചിനീയർ | കൊട്ടാരക്കര മുനിസിപ്പാലിറ്റി | വിജയമന്ദിരം, വടക്കുംകര ഈസ്റ്റ്, ഉമയനല്ലൂർ |
| ശ്രീ. പ്രദീപ്കുമാർ റ്റി. വി. സെക്രട്ടറി | സെക്രട്ടറി, കൊട്ടാരക്കര മുനിസിപ്പാലിറ്റി | സരസ്വതി മന്ദിരം, പുലരിനഗർ -234, പുന്തലത്താഴം, കിളികൊല്ലൂർ പി.ഒ, കൊല്ലം |
| ഡോ. ബിന്ദു, വെറ്റിനറി സർജൻ | വെറ്റനറി സർജൻ , കൊട്ടാരക്കര മുനിസിപ്പാലിറ്റി | ബിന്ദു ഭവനം, മനക്കര, ശാസ്താംകോട്ട, കൊല്ലം |
| ശ്രീ. കിരൺ. എസ്., പ്രോജക്ട് ഓഫീസർ | ഹെൽത്ത് ഓഫീസർ, ചാലക്കുടി മുനിസിപ്പാലിറ്റി | പ്രഭാ മന്ദിരം, വെട്ടിവഴി, കുരിയോട് പി.ഒ., ചടയമംഗലം |
| ശ്രീമതി സുജി. എസ്. ജൂനിയർ ഹെൽത്ത് സൂപ്പർവൈസർ, | ജൂനിയർ ഹെൽത്ത് സൂപ്പർവൈസർ, കോഴിക്കോട് കോർപ്പറേഷൻ | കടയിൽ പുത്തൻവീട് വില്ലൂർ, വെട്ടിക്കവല. |
| ശ്രീ. ബേബി. എസ്. ഹെൽത്ത് സൂപ്പർവൈസർ, | ഹെൽത്ത് സൂപ്പർവൈസർ, കൊടുങ്ങല്ലൂർ നഗരസഭ | തൈക്കുട്ടത്തിൽ ഹൌസ് SRA D8 – പന്നിക്കുഴിക്കര നിയർ ചെറുപാലോട് ടെമ്പിൾ മണികണ്ഠേശ്വരം പി.ഒ. – 695013 |
| ശ്രീ.സതീഷ് കുമാർ.കെ, ക്ലർക്ക് | ക്ലർക്ക്, കൊട്ടാരക്കര മുനിസിപ്പാലിറ്റി | ലക്ഷ്മി കമലം, വെട്ടിക്കവല പി.ഒ, കൊട്ടാരക്കര, കൊല്ലം. പിൻ – 691538 |
| ശ്രീ. ഷാജു, മുനിസിപ്പൽ ചെയർമാൻ | കൌൺസിലർ കൊട്ടാരക്കര മുനിസിപ്പാലിറ്റി | ഉമൈബാൻ മൻസിൽ, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര |
| ശ്രീ. അജിത് വി പി, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ വൈക്കം മുനിസിപ്പാലിറ്റി | TC 18/1235 ശ്രീചക്രവാതിൽ ശിവ ടെമ്പിൾ റോഡ്, തൃക്കണ്ണാപുരം |
| ശ്രീ. പ്രദീപ് എസ്, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ കൊട്ടാരക്കര മുനിസിപ്പാലിറ്റി | കൌസ്തുഭം, കടത്തൂർ, തഴവ പി.ഒ.- 690510 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 1994-95 | എൽ.എഫ്.ക്യൂ.പി.3/1194(4)/14 തീയതി - 12.06.14 | 18 |
| 1995-96 | എൽ.എഫ്.ക്യൂ.പി.3/1194(5)/14 തീയതി - 12.06.14 | 18 |
| 1997-98 | എൽ.എഫ്.ക്യൂ.പി.3/1194(6)/14 തീയതി -12.06.14 | 39 |
| 1998-99 | എൽ.എഫ്.ക്യൂ.പി.3/1194(7)/14 തീയതി - 12.06.14 | 12 |
| 1999-00 | എൽ.എഫ്.ക്യൂ.പി.3/1194(8)/14 തീയതി - 12.06.14 | 10 |
| 2000-01 | എൽ.എഫ്.ക്യൂ.പി.3/1194(9)/14 തീയതി - 12.06.14 | 4 |
| 2001-02 | എൽ.എഫ്.ക്യൂ.പി.3/1194(10)/14 തീയതി - 12.06.14 | 10 |
| 2002-03 | എൽ.എഫ്.ക്യൂ.പി.3/1194(11)/14 തീയതി - 12.06.14 | 8 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.ക്യൂ.പി.3/1194(12)/14 തീയതി - 12.06.14 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി.3/1194(13)/14 തീയതി - 12.06.14 | 6 |
| 2005-06 | എൽ.എഫ്.ക്യൂ.പി.3/1455/07 തീയതി - 4.01.18 | 2 |
| 2006-07 | എൽ.എഫ്.ക്യൂ.പി.3/1194(14)/14 തീയതി - 12.06.14 | 2 |
| 2007-08 | എൽ.എഫ്.ക്യൂ.പി.3/1194(15)/14 തീയതി - 12.06.14 | 16 |
| 2008-09 | എൽ.എഫ്.ക്യൂ.പി.3/1194(16)/14 തീയതി - 12.06.14 | 24 |
| 2009-10 | എൽ.എഫ്.ക്യൂ.പി.3/1194(17)/14 തീയതി - 12.06.14 | 17 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.പി.3/1194(18)/14 തീയതി - 12.06.14 | 18 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.പി.പി.3/1972/14/04/12/2014 | 38 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.3/1803/15/13/11/2015 | 22 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.എം.എൽ-31/17 തീയതി – 08.02.17 | 43 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-1811/18, തീയതി - 31.10.17 | 28 |
| 2017-18 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-208/19, തീയതി - 10.7.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-1567/19 / 17.02.2020/27.05.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-751/22/ 12.07.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-1208/22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-503/23 | എല്ലാ ഖണ്ഡികകളും |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 10 dated 26-07-2023 and submitted on 16-11-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kottarakkara Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kottarakkara Municipality for the year 2022-2023

**Date: 20/03/2024**

**Senior Deputy Director**
**District Office Kollam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kottarakkara Municipality for the Year 2022-2023 .

**1.Major Observations**

1) Secured loan shown as Liability does not match with prepaid expenditure.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules heve not been submitted for audit.

Comments relating to Notes to account, key ratios.

2. Registers are not maintained properly to verify the accuracy of the amount included in AFS.

3. Cheques uncashed for more than three months heve not been transferred to stale cheque account head.

4. Grant liability amount shown as liability in Balancesheet does not match with Bank aaount opened for the specific grant account.
5. Non disclosure of liability. Eg- HUDCO loan, Accrual Expenditures like Salary, CFC unspent balance received.
6. The expenditure of Beneficiary Contribution does not match with AFS.
7. Register regarding the value of stocks have not been produced for verification.
8. Misclarification of payment vouchers â eg. Advance to Implementing agencies.
9. Central and state funds are not accounted in seperate account heads.
10. Further action not taken for Cheaque deposited but not credited.
11. Demand Registers does not match with Financial statements.
12. Lack of authenticated journal vouchers for supporting the adjustment entries recorded.
13. CFC grant receipt does not match with AFS.
14. Advances have not been adjusted.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**